'ഇന്ദ്രനി'ലൂടെ മലയാളിയുടെ ഹൃദയത്തിൽ സ്ഥാനം...!

എൻ. പി. രാജേന്ദ്രൻ - മാതൃഭൂമി പത്രത്തിൽ 'ഇന്ദ്രൻ' എന്ന പേരിൽ 'വിശേഷാൽപ്രതി' പ്രതിവാരം'സമർത്ഥമായി കൈകാര്യം ചെയ്ത് മലയാളികളുടെ മനസ്സിൽ ഇടം നേടിയ പ്രതിഭാധനനായ പത്രപ്രവർത്തകൻ. സഞ്ജയനുശേഷം രൂക്ഷമായ രാഷ്ട്രീയ പരിഹാസം കൊണ്ട് കേരളത്തിലെ പത്ര വായനയെ പരിപോഷിപ്പിച്ച കോളമിസ്റ്റ്. രാഷ്ട്രീയ കാഴ്ചപ്പാടുകൾ സമൂഹത്തിന്റെ നന്മയ്ക്കായി ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് ഇരുപത് വർഷക്കാലം തുടർച്ചയായി എഴുതിയ ആദ്യത്തെ മലയാള പത്രപ്രവർത്തകൻ. കോളം കൈകാര്യം ചെയ്യുമ്പോൾ മുന്നിലേക്ക് കടന്നുവരുന്നവരുടെ മുഖം നോക്കാതെ കാര്യങ്ങൾ, കാരണങ്ങൾ മാത്രം പരിശോധിച്ച് ശക്തവും വ്യക്തവും ഒപ്പം നർമ്മവും ചേർത്ത് എഴുതുന്നതിൽ വിജയിച്ച ജേണലിസ്റ്റ്. ഒരു നല്ല പത്രപ്രവർത്തകനുണ്ടായിരിക്കേണ്ട നിരീക്ഷണ പാടവവും പഠനവും മുറുകെ പിടിക്കുന്നതിൽ വിജയിച്ച ധിഷ്ണാശാലി. പത്രപ്രവർത്തകനായിരിക്കെത്തന്നെ തന്റെ കർമ്മപഥത്തിലുള്ള പ്രസ് അക്കാദമിയേയും പത്രപ്രവർത്തക യൂണിയനേയും താലോലിക്കുന്നതിനും വളർത്തുന്നതിനും അതുവഴി ദിശാബോധം നല്കുന്നതിനും ഉത്സാഹിച്ച വ്യക്തിത്വം.

പത്രപ്രവർത്തനവുമായി മുന്നോട്ടുപോകുമ്പോൾ തന്റെ കാലുകൾക്ക് ബലം നല്കുന്നതിൽ മാതൃഭൂമി പത്രം വഹിച്ച പങ്ക് ബഹുമാനപൂർവ്വം ഓർക്കുകയും അവരുമായി സഹകരിക്കുകയും എന്നാൽ മാനേജ്മെന്റ് തൊഴിലാളികളുടെ വേതനത്തിലും മറ്റും കർക്കശമായി പിടിമുറുക്കിയപ്പോൾ അതിനെ എതിർക്കാൻ മടികാണിക്കാതെ രംഗത്തിറങ്ങുകയും ചെയ്ത മാധ്യമപോരാളി. പത്രപ്രവർത്തനം ഒരു വിഷയമായി പഠിക്കാൻ പ്രസ് അക്കാദമിയിൽ വരുന്ന പുതുതലമുറക്ക് തന്റെ അനുഭവങ്ങളുടെയും അറിവിന്റെയും ലോകം തുറന്ന് നല്കി ആത്യന്തികമായി സാമൂഹ്യനന്മയാണ് പഠനംവഴി ലക്ഷ്യമാക്കേണ്ടത് എന്ന് പഠിപ്പിച്ച മാധ്യമാദ്ധ്യാപകൻ.

രാഷ്ട്രീയക്കാർക്കെതിരെ മാത്രമല്ല ബുദ്ധിജീവികൾ എന്ന് വിളിക്കപ്പെടുന്നവരെയും ജനാധിപത്യവാദികളേയും പാളിച്ചകൾ വരുമ്പോൾ കടുത്ത ഭാഷയിൽ വിമർശിക്കുന്നതിൽ തന്റേടം കാണിച്ച സാമൂഹ്യപ്രതിബദ്ധതയുള്ള എഴുത്തുകാരൻ. കേരളത്തെ മുൾമുനയിൽ നിർത്തിയ മാറാട് പോലുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പത്രപ്രവർത്തകർ പൊതുപ്രശ്നങ്ങളിൽ ഇടപെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുത്തിയ പത്രപ്രവർത്തകൻ.

പത്രപ്രവർത്തനമേഖല അതിസൂക്ഷ്മമായി മനസ്സിലാക്കി. വാർത്തയുടേയും പരസ്യത്തിന്റേയും മേഖലകൾ വിശകലനം ചെയ്ത് ആരോഗ്യമുള്ള പത്രപ്രവർത്തനം ഉയർത്തിക്കാട്ടിയ ക്രാന്തദർശി. പത്രപ്രവർത്തനജീവിതം വിജയകരമായി കൊണ്ടുനടക്കാൻ സാധിച്ച എൻ. പി. രാജേന്ദ്രൻ വർത്തമാനകാല പത്രപ്രവർത്തന ചരിത്രത്തിൽ തലയെടുപ്പിന്റേയും സൗമ്യതയുടേയും പ്രതീകമാണ്.

എൻ.പി. രാജേന്ദ്രൻ– നേരിനൊപ്പം നടന്ന പത്രപ്രവർത്തകൻ...!

അഭിമുഖം:
ടി. പി. ആർ നാഥ്

വർത്തമാന കാല പത്രപ്രവർത്തനത്തിന്റെ തലയെടുപ്പ്...!

എൻ.പി. രാജേന്ദ്രനെ കാണാൻ കോഴിക്കോട് പ്രസ്സ് ക്ലബ്ബിലാണ് ചെന്നത്. ഒരേ നാട്ടുകാരും പരിചയക്കാരുമാണ്. വിദ്യാർത്ഥികാലത്ത് തന്നെ അദ്ദേഹം പ്രശസ്തനാണ്. അന്ന് പൊതുയോഗങ്ങളിലും സെമിനാറുകളിലും പ്രഭാഷണം നടത്തിയിരുന്നു- പരിവർത്തനവാദി എന്ന നിലയിൽ. സോഷ്യലിസ്റ്റ് ചിന്താഗതി പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ മനസ്സ് പുരോഗമനപക്ഷത്തോടൊപ്പമായിരുന്നു.

പിന്നീട് മാതൃഭൂമിയുടെ 'ഇന്ദ്രനി'ലൂടെയാണ് രാജേന്ദ്രൻ എന്റെ വായനയുടെ ഭാഗമായി മാറിയത്. അടിസ്ഥാനരാഷ്ട്രീയ ദർശനമുള്ള ഒരു ഒരു വ്യക്തി എന്ന നിലയിൽ ജനപക്ഷത്തൂന്നിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും നിലപാടുകളും ഹാസ്യം കലർന്ന് ഗൗരവമായി 'ഇന്ദ്രനി'ലൂടെ വരുമ്പോൾ നാടിനെ സ്നേഹിക്കുന്നവർക്ക് ആശ്വാസവും ആഹ്ലാദവുമായിരുന്നു. കേരളപത്രപ്രവർത്തകയൂണിയൻ പ്രസിഡണ്ട് എന്ന നിലയിലും പ്രസ് അക്കാദമി സാരഥി എന്ന പദവിയിലും എൻ.പി. രാജേന്ദ്രൻ ജനശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ലളിതമായ ജീവിതവും മാന്യമായ പെരുമാറ്റവും വിജ്ഞാനതല്പരതയും കാര്യങ്ങൾ ആഴത്തിൽ കാണുന്ന പ്രകൃതവും, എഴുത്തിലെ പ്രത്യേകതയും രാജേന്ദ്രനെ പത്രപ്രവർത്തകരുടെ ഇടയിൽ സവിശേഷ വ്യക്തിത്വമാക്കിത്തീർത്തു.

ഊഷ്മളമായ പഴയ ബന്ധത്തെ അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ പ്രസ്ക്ലബ്ബിന്റെ മുകളിലത്തെ മുറിയിൽ ഇരുന്ന് അഭിമുഖസംഭാഷണം നടത്തിയപ്പോൾ കാഴ്ചയിൽ ചെറിയ മനുഷ്യൻ... വലിയ മനസ്സ്....ഉയർന്ന ചിന്തകൾ... അടുത്തുനിന്ന് കാണുകയായിരുന്നു, അനുഭവിക്കുകയായിരുന്നു.

രാജേന്ദ്രൻ മനസ്സു തുറന്നു...

പഠനകാലവും രാഷ്ട്രീയ കാലവും.....?

തലശ്ശേരി സെന്റ് ജോസഫ്സിലായിരുന്നു എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് 67 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ വരുന്നത്. അത് വലിയ സമരങ്ങളുടെ ഒരു കാലം കൂടിയായിരുന്നല്ലോ. ഭക്ഷ്യ പ്രശന്ങ്ങളൊക്കെ വല്ലാതെ ഉയർന്നു വന്നു. അരിവില കുതിച്ചുയർന്നു. അരി കിട്ടാനില്ലാതായി. കേന്ദ്രം കേരളത്തിന്റെ ഭക്ഷ്യക്വാട്ട കുറച്ചു. അന്ന് സെന്റ് ജോസഫ്സിൽ വിദ്യാർത്ഥികളുടെ സമരം ഉണ്ടായിരുന്നു. സംഘടനയൊന്നും ഇല്ല. പക്ഷേ, വിദ്യാർത്ഥികൾ സമരം നടത്തി. എട്ടാം ക്ലാസിലാണെങ്കിലും എന്താ സംഭവം എന്നൊന്നും കാര്യമായി അറിയില്ലെങ്കിലും ഞാനും സമരത്തിൽ പങ്കെടുത്തു. സമരം കഴിഞ്ഞതോടെയാണ് സ്കൂളിൽ കെ.എസ്.യു. ഉണ്ടാകുന്നത്. മറ്റു സംഘടനകളൊന്നും അന്ന് ആ സ്കൂളിലില്ല. അപ്പൊ ഞാനും കെ.എസ്.യു. ആയി. പക്ഷേ, അതൊന്നുമല്ലാതെ തന്നെ വല്ലാത്ത ഒരു രാഷ്ട്രീയ അഭിനിവേശം ഉണ്ടായിരുന്ന കാലമായിരുന്നു അത്. സ്ഥിരമായ പത്രം വായന ഉണ്ടാക്കിയ ഒരു രാഷ്ട്രീയ സ്വാധീനമുണ്ട്.

പിന്നെ ബ്രണ്ണൻ കോളേജിലാണ് പ്രീഡിഗ്രിക്ക് ചേർന്നത്. അക്കാലത്ത് ഈ രാഷ്ട്രീയം തുടർന്നു പോന്നു. പ്രീഡിഗ്രിക്കാലം മുഴുവൻ ഞാൻ കെ.എസ്.യു.ആയിരുന്നു. പിന്നെ പരിവർത്തനവാദികളുടെ കൂടെയായി. അതിന്റെ കീഴിൽ ഇലക്ഷനു മത്സരിച്ചു. അപ്പോഴൊക്കെയാണ് പൊതുപ്രവർത്തനമാണ് മേഖല എന്ന തോന്നലുണ്ടായത്.

അടിയന്തിരാവസ്ഥാനുഭവത്തെക്കുറിച്ച്.....?

അന്ന് ഞാൻ ഡിഗ്രി മൂന്നാം വർഷ വിദ്യാർത്ഥിയായിരുന്നു. എന്താണ് അടിയന്തിരാവസ്ഥ എന്ന് ആദ്യമൊന്നും മനസ്സിലായിരുന്നില്ല. അതുകൊണ്ടുതന്നെ പ്രതിഷേധജാഥകൾ ആദ്യനാളുകളിൽ നടക്കുകയും ചെയ്തു. കോളേജിൽ ഒരു സത്യാഗ്രഹത്തിന് ഇടതുപക്ഷ സംഘടനകൾ തീരുമാനമെടുത്തപ്പോൾ അവരോടൊപ്പം ചേരാൻ ഞാനും മടിച്ചില്ല. റോഡിൽ ജാഥ നടത്തുന്നതിനേ നിരോധനമുള്ളൂ. കോളേജിൽ നടത്താം എന്നാരോ പറഞ്ഞതുകൊണ്ടാവാം സത്യാഗ്രഹം പ്രിൻസിപ്പാളിന്റെ ഓഫീസിന് മുന്നിലാണ് നടത്താൻ നിശ്ചയിച്ചത്. മുദ്രാവാക്യം വിളികളോടെ ഓഫീസിന് മുന്നിൽ കുത്തിയിരുന്നു. ഷൂസുകളുടെ പെരുമ്പറ കേട്ടതും ലാത്തിയടി നെറ്റിയിൽ പതിച്ചതും ഓർമ്മയുണ്ട്. വീണി

ആരോഗ്യമുള്ള പത്രപ്രവർത്തനം ഉയർത്തിക്കാട്ടി...

പത്രം ധർമ്മം നിയമം എന്ന കൃതി എ.കെ. ആന്റണി പി.ഗോവിന്ദപിള്ളക്കുനൽകി തിരുവനന്തപുരത്ത് പ്രകാശനം ചെയ്യുന്നു

ടത്തു നിന്ന് എഴുന്നേറ്റ് കണ്ണ് മിഴിച്ചുനോക്കുമ്പോൾ ഞാൻ കോളേജ് ഓഫീസിനകത്താണ്. പുറത്ത് ഏതാണ്ട് എല്ലാം ശാന്തമാകുംവരെ അവിടെത്തന്നെ നിന്നു. ഒന്നും അറിയാത്ത മട്ടിൽ പോയ്ക്കോളൂ... എന്ന് ഓഫീസ് ജീവനക്കാരാരോ നിർദ്ദേശിച്ചു. തോക്കും ലാത്തിയുമായി നിരന്നുനിൽക്കുന്ന പോലീസുകാർക്കിടയിലൂടെ ഞാൻ മെല്ലെ നടന്നുപോയി. ലാത്തിയടിയേറ്റ് നെറ്റിയിലുണ്ടായ വലിയ മുഴ വൈകുന്നേരമായപ്പോഴേക്ക് അപ്രത്യക്ഷമായിരുന്നു. അതാണ് എന്റെ പ്രധാന അടിയന്തിരാവസ്ഥ അനുഭവം.

ഏകാധിപത്യത്തിനെതിരായ പ്രക്ഷോഭമൊക്കെയുണ്ടായി എന്ന് ഇന്ന് പലരും പറയുന്നുണ്ടെങ്കിലും പിന്നീട് പതിനെട്ടുമാസം അവിടെ ഒരിലപോലും ഇളകിയിരുന്നില്ല. കോളേജിലാരും ഇതേക്കുറിച്ച് ചർച്ചപോലും ചെയ്തില്ല. എല്ലാം ശാന്തമായി തുടർന്നു.

അടിയന്തിരാവസ്ഥ: പ്രതികരണം....?

ഇടതുപക്ഷം രണ്ടുദിവസം പ്രകടനവും ഒരു ദിവസം ബന്ദും നടത്താൻ ശ്രമിച്ചെങ്കിലും പൊലീസ് ആ നീക്കങ്ങളെല്ലാം പരാജയപ്പെടുത്തി. പിന്നെ തലശ്ശേരിയിൽ ആകെ ഞാൻ കണ്ടത് ആർ.എസ്.എസിന്റെ കുറച്ചാൾക്കാർ ജാഥയൊക്കെ നടത്തിയതാണ്. അന്ന് ഒരു നാരായണൻ നായരൊക്കെയുണ്ടായിരുന്നു. ഞങ്ങൾ ടൗണിൽ നിൽക്കുമ്പോൾ പുള്ളിയെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടു പോകുന്നത് കണ്ട് ഞാനും കെ. രാജൻ എന്ന പരിവർത്തനവാദി പ്രവർത്തകനും ഒക്കെ ചേർന്ന് അദ്ദേഹത്തോട് സംസാരിക്കാൻ ശ്രമിച്ചു. പോലീസുകാര് അത് സമ്മതിച്ചില്ല. കുറെ ആൾക്കാരെയൊക്കെ ജയിലിലിട്ടിട്ടുണ്ട്. പക്ഷെ, പുറമെ യാതൊരു അനക്കവും ഇല്ലാത്ത ശാന്തതയായിരുന്നു. പിന്നെ ജയപ്രകാശ് നാരായണന്റെയൊക്കെ ചില ലേഖനങ്ങൾ സംഘർഷസമിതി എന്നൊക്കെ പറഞ്ഞ് വന്ന ചില ലഘുലേഖകളായി ഇറങ്ങിയിരുന്നു. പരിവർത്തനവാദികളും ചിലതൊക്കെ ഇറക്കിയിരുന്നു. അതൊക്കെ നമ്മുടെ ഇടയിൽ തന്നെ കൊടുക്കാം എന്നല്ലാതെ പൊതുജനങ്ങളുടെ ഇടയിലൊന്നും കാര്യമായിട്ടെത്തിയിട്ടില്ല. നമ്മുടെ ഒരു സംതൃപ്തിക്കുവേണ്ടി അവ സർക്കുലേറ്റ് ചെയ്തു എന്നല്ലാതെ അതിനൊന്നും വലിയ പ്രതികരണങ്ങൾ ഉണ്ടായിരുന്നില്ല. അടിയന്തരാവസ്ഥ കാലത്തുതന്നെ പരിവർത്തനവാദികൾ പിളർന്നു. അടിയന്തിരാവസ്ഥ എന്നു പറയുന്നതിനോട് ഇവർക്കാർക്കും ഒന്നും ചെയ്യാൻ പറ്റിയില്ലാന്ന് മനസ്സിലായി. കൃത്യമായി പഠിച്ച് എല്ലാവരും പരീക്ഷയൊക്കെയെഴുതി. അത്രതന്നെ.

എഴുതിത്തുടങ്ങിയത്....?

ഡിഗ്രി കഴിഞ്ഞ സമയത്ത് തലശ്ശേരിയിൽ നിന്നും പരിവർത്തനവാദിയായിരുന്ന കെ. രാജന്റെ പത്രാധിപത്യത്തിൽ സൂചന എന്നൊരു മാസിക ഇറങ്ങിയിരുന്നു. ആ മാസികയിൽ ആണ് ഞാൻ ആദ്യമായി ഒരു ലേഖനം എഴുതിയത്. അപ്പോഴേക്കും പിന്നെ പരിവർത്തനവാദി ഗ്രൂപ്പ് തന്നെ ഇല്ലാതായി. അവർ ജനതാ പാർട്ടിയിൽ ലയിച്ചു.

മീഡിയ ഇമേജ്...

തന്റെ ഇമേജ് തകർക്കാൻ പത്രപ്രവർത്തകർ ബോധപൂർവ്വം ശ്രമിക്കുന്നു എന്ന് പിണറായി വിജയൻ പറയുന്നതിൽ തീർച്ചയായും ശരിയുണ്ടാവും. മീഡിയയെ രാഷ്ട്രീയം ലോകവ്യാപകമായിതന്നെ ഉപയോഗപ്പെടുത്തുന്നത് ഇങ്ങനെയാണ്. ന്യൂസിനുവേണ്ടിയുള്ള ഒരുതരം ആർത്തിയുമായി മാധ്യമങ്ങൾ നടക്കുമ്പോൾ അത്തരം ദുരുപയോഗ സാധ്യതകൾ കൂടുകയാണ് ചെയ്യുന്നത്. പിണറായി വിജയൻ നല്ല മനുഷ്യനാണ് എന്ന രീതിയിലുള്ള വാർത്ത ഇത്തരം ആർത്തികളിൽപ്പെട്ട് ശ്രദ്ധിക്കപ്പെടാതെ പോയേക്കും. എന്നാൽ അദ്ദേഹം മോശക്കാരനാണ് എന്ന തരത്തിലുള്ള വാർത്ത ശ്രദ്ധിക്കപ്പെടുകയും ചെയ്യും. വി.എസ്. ഒരിക്കൽ ഇതേപോലെതന്നെ മാധ്യമങ്ങൾക്കിടയിൽ മോശം പ്രതിച്ഛായ ഉണ്ടായിരുന്ന ആളാണ്. പിന്നീട് കൃത്യമായുള്ള ഇടപെടലുകൾ നടത്തി ഒരു ഫൈറ്ററുടെ ഇമേജിലേക്ക് അദ്ദേഹത്തെ മീഡിയ കൊണ്ടുവന്ന് നല്ല മനുഷ്യൻ എന്ന നിലയിലേക്ക് മാറ്റിയത്. ഒരു സ്റ്റോറി, ഡ്രാമ, ക്ലാഷ് ഓഫ്ദി ടൈറ്റൻസ്ഫീൽ ഉള്ള സാധനങ്ങൾ ഒക്കെ സ്വാഭാവികമായി മീഡിയയിലൂടെ ഉരുത്തിരിഞ്ഞുവരും. അത് വി.എസ് – പിണറായി ഇമേജുകളുടെ ചരിത്രം പരിശോധിച്ചാൽ കാണാം. പക്ഷേ, ഇതൊന്നും കമ്മ്യൂണിസം ഇല്ലാതാക്കാൻ വേണ്ടിയാണെന്ന തെറ്റിദ്ധാരണയൊന്നും എനിക്കില്ല. പണ്ടെല്ലാം അങ്ങനെയുണ്ടായിരുന്നു; കമ്മ്യൂണിസത്തിനെതിരെ പ്രവർത്തിക്കുന്ന ശക്തികൾ. പക്ഷെ പുതിയ ലോകം കമ്മ്യൂണിസ്റ്റ് ഭീതി ഒക്കെ കയ്യൊഴിഞ്ഞിട്ട് ഒരുപാട് കാലമായി.

'പത്രം ധർമ്മം നിയമം' എന്ന കൃതിയുടെ രചയിതാവ്

സർക്കാർ ഉദ്യോഗസ്ഥൻ...?

ബി.എ. കഴിഞ്ഞപ്പോൾ കൂടുതൽ പഠിക്കാൻ വീട്ടിൽനിന്ന് നിർബന്ധിച്ചിരുന്നു. എസ്.എൻ.കോളേജിൽ എം.എ.യ്ക്ക് സീറ്റു കിട്ടിയിട്ടും ഞാൻ ചേർന്നില്ല. സംസ്ഥാന സർക്കാരിന്റെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ പേരു ണ്ടായിരുന്നതാണ് കാരണം. 1976 ലാണ് ഞാൻ കോളേജിൽനിന്നിറങ്ങുന്നത്. ഒരു കൊല്ലം കഴിയുമ്പോഴേക്ക് റവന്യു വകുപ്പിൽ ജോലിക്കു കയറി. ഒരു വർഷത്തോളം അവിടെ ജോലി ചെയ്തു. എന്നിട്ടാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ സെക്കന്റ് ഗ്രേഡ് അസിസിസ്റ്റന്റായി ജോലി കിട്ടിയത്. താമസിയാതെ ഫസ്റ്റ് ഗ്രേഡ് അസിസിസ്റ്റന്റായി പ്രമോഷൻ കിട്ടി.

പത്രപ്രവർത്തനരംഗത്തേക്ക്....?

സർവകലാശാലയിൽ ഗ്രേഡ് വൺ അസിസ്റ്റന്റായി ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ മാതൃഭൂമിയിൽ ട്രെയിനികളെ വിളിക്കുന്നു എന്ന് പരസ്യം കണ്ട് വെറുതെ ഒന്ന് അപേക്ഷിച്ചു നോക്കിയതാണ്. പത്രപ്രവർത്തനകമ്പം കൊണ്ട് അപേക്ഷിച്ചുവെന്നുമാത്രം. പക്ഷേ, ജേണലിസം ട്രെയിനിക്ക് ഒരു തൊഴിൽ സുരക്ഷിതത്ത്വവുമില്ല. രണ്ട് വർഷം ട്രെയിനിക്ക് കിട്ടുക സ്റ്റൈപ്പെന്റ് മാത്രം. അതാകട്ടെ യൂണിവേഴ്സിറ്റിയിൽ കിട്ടുന്ന ശമ്പളത്തേക്കാൾ കുറവും. പത്രപ്രവർത്തകനാകണം എന്നാഗ്രഹമുണ്ട്. പക്ഷേ, കിട്ടിയേ തീരൂ എന്ന വാശിയൊന്നുമില്ല. കിട്ടിയാൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ലീവ് എടുത്ത് വരാമെന്നായിരുന്നു പരിപാടി. ലീവ് കിട്ടിയുമില്ല.

ഇന്റർവ്യൂ ബോർഡിൽ പത്രാധിപരും സീനിയർ ജേർണലിസ്റ്റുകളുമേ ഉണ്ടായിരുന്നുള്ളൂ. പത്രാധിപരായിരുന്ന വി.പി. രാമചന്ദ്രൻ എന്ന വി.പി. ആറിനു പുറമെ വി.എം. കൊറാത്തും വിംസിയും ടി.വേണുഗോപാലുമുണ്ടായിരുന്നു എന്ന് ഓർമയുണ്ട്. ഇന്റർവ്യൂവിൽ വാചകമടിക്കാൻ ഒട്ടും ഭയം തോന്നിയില്ല. എല്ലാ ദിവസവും എന്തിനാണ് ഇങ്ങനെ മുഖപ്രസംഗമെഴുതി ന്യൂസ്പ്രിന്റ് കളയുന്നത് എന്ന് ചോദിക്കാനുള്ള മണ്ടത്തരവും അന്ന് പ്രകടിപ്പിച്ചു. താങ്കൾക്ക് പ്രസംഗത്തിൽ മാത്രമേ കമ്പമുള്ളൂ അല്ലേ എന്ന് അന്ന് വി.പി.ആർ. തിരിച്ചുചോദിച്ചു.

താങ്കളെ തിരഞ്ഞെടുത്തിട്ടുണ്ട് കോഴിക്കോട്ട് വന്ന് ജോയിൻ ചെയ്യണം എന്നറിയിക്കുന്ന കത്ത് കിട്ടിയപ്പോൾ അമ്പരന്നുപോയി. കൂടെ ഇന്റർവ്യൂവിന് ഉണ്ടായിരുന്ന അറിയപ്പെടുന്ന സാഹിത്യകാരൻമാരെയൊന്നും തിരഞ്ഞെടുത്തിട്ടില്ല. സാഹിത്യകാരന്മാർ വേണ്ട എന്ന നിലപാടാണ് വി.പി.ആർ. എടുത്തിരുന്നത്. സാഹിത്യമെഴുതലല്ല പത്രപ്രവർത്തനം എന്ന് വി.പി.ആറിന്റെ ഉറച്ച നിലപാടുകൊണ്ടാണ് എന്നെപ്പോലുള്ള ആൾക്കാർക്ക് ജോലി കിട്ടിയതെന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്.

പത്രപ്രവർത്തനരംഗം തിരിഞ്ഞുനോക്കുമ്പോൾ...?

ഈ മേഖലയിലേക്ക് വരുമ്പോൾ നമുക്ക് ഒരുപാട് പ്രതീക്ഷകളുണ്ടാകും. വ്യാമോഹം എന്ന വാക്ക് ശരിയാണോ എന്നെനിക്കറിയില്ല. നമ്മൾ വിചാരിച്ചാൽ സമൂഹത്തിനു വേണ്ടി എന്തൊക്കെയോ ചെയ്യാൻ പറ്റും എന്നൊരു തോന്നൽ ഉണ്ടായിരുന്നു. ഈ തൊഴിൽ

...........ശേഷം 23-ാം പേജിൽ

കണ്ണൂരിലെ രാഷ്ട്രീയ സംഘർഷം

ജനവിഭാഗങ്ങൾക്കിടയിൽ വളരെയേറെ സൗഹാർദ്ദം ഉണ്ടായിരുന്ന പ്രദേശമായിരുന്നല്ലോ കണ്ണൂർ. കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്ന് വന്ന് താമസിക്കുന്നവർ പലപ്പോഴും അയൽവാസികളും നാട്ടിന് പുറത്തുകാരും പ്രകടിപ്പിക്കുന്ന ആത്മാർത്ഥമായ സൗഹൃദത്തെക്കുറിച്ച് പറയാറുള്ളതുമാണ്. ഇന്നത് തീർത്തും ഇല്ലാതായി എന്നല്ല പറഞ്ഞു വരുന്നത്. പക്ഷേ അരനൂറ്റാണ്ടോളമായി നടക്കുന്ന സംഘർഷങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും വർഗീയ വിദ്വേഷങ്ങളും ജില്ലയുടെ സകല നന്മകളും ഇല്ലാതാക്കുകയാണ്. സഹിഷ്ണുതയും സാമാന്യ മനുഷ്യമര്യാദകളും ആവശ്യമില്ലാത്ത ഒരു മേഖലയാണ് രാഷ്ട്രീയം എന്ന് പുതിയ തലമുറയെപ്പോലും പഠിപ്പിക്കുകയാണ്. ഇന്ന് രാഷ്ട്രീയക്കാർ കോളേജ് തിരഞ്ഞെടുപ്പുകളിലും മറ്റും ആയുധശക്തി കൊണ്ട് ജയമുണ്ടാക്കുന്ന തരം സംഘടനാപ്രവർത്തനരീതിയാണ് വളർത്തിയെടുക്കുന്നത് എന്ന് വാർത്തകൾ സൂചിപ്പിക്കുന്നു.

നാലു പതിറ്റാണ്ടുകൊണ്ട് തലശ്ശേരിക്ക് പറ്റിയതെന്ത് എന്ന് നല്ല ബോധ്യമുള്ള കുറെ ആളുകൾ തലശ്ശേരിയിലുണ്ടെങ്കിലും പൊതുപ്രവർത്തകന്മാർ ഇതെല്ലാം സാധാരണം മാത്രം എന്ന നിലപാട് സ്വീകരിച്ചുവരുന്നതിനാൽ പ്രതികാരക്കൊലകൾ അവസാനിപ്പിക്കാനുള്ള ഗൗരവപൂർവമുള്ള ശ്രമങ്ങൾ സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഇത് രാഷ്ട്രീയ പ്രവർത്തനത്തിന്റെ നിലവാരം ഇടിച്ചു താഴ്ത്തുകയാണ്. പൊതുപ്രവർത്തനത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഗാന്ധിയൻ മൂല്യങ്ങളിലൂന്നിയുള്ള പ്രചരണപ്രവർത്തനങ്ങൾ വ്യാപകമായി തുടങ്ങി വെക്കുകയും അക്രമപ്രവണതകളെ തത്ത്വത്തിലും പ്രയോഗത്തിലും എതിരിടുകയും ചെയ്തേ മതിയാകൂ. മാധ്യമങ്ങൾക്ക് തീർച്ചയായും ഇക്കാര്യത്തിൽ ഗുണപരമായ പങ്കുവഹിക്കാൻ കഴിയും. ആര്, എപ്പോൾ, എങ്ങനെ തുടങ്ങിവെക്കും എന്ന സംശയം മാത്രമാണ് അവശേഷിക്കുന്നത്.

മാതൃഭൂമി
'ഇന്ദ്രന്റെ വിശേഷാൽ പ്രതി'

പംക്തിയുടെ തുടക്കം.....?

1995 ഫിബ്രുവരിയിൽ ചേർന്ന പത്രാധിപസമിതിയോഗമാണ് ഇത്തരമൊരു പംക്തി തുടങ്ങാനുള്ള തീരുമാനമെടുത്തത്. കെ. കെ. ശ്രീധരൻ നായരായിരുന്നു അന്ന് എഡിറ്റർ. പല ജില്ലകളിൽ ലേഖകനായിരിക്കെ ഞാൻ പത്രത്തിന്റെ ജില്ലാ പേജുകളിൽ 1986 മുതൽ എഴുതിപ്പോന്ന പംക്തിലേഖനങ്ങൾ ഓർത്ത ആരോ ആണ് എന്റെ പേരു നിർദ്ദേശിച്ചത്. പംക്തിക്ക് അന്നു നിർദ്ദേശിക്കപ്പെട്ട പേര് യഥാർത്ഥത്തിൽ വിശേഷാൽ..പ്രതി എന്നായിരുന്നു എന്ന് ആ യോഗത്തിൽ പങ്കെടുത്ത അന്നത്തെ ഡപ്യൂട്ടി എഡിറ്റർ കെ. കെ. മധുസൂദനൻ പറഞ്ഞിരുന്നു. പക്ഷേ, പേര് ക്രമേണ വിശേഷാൽപ്രതി ആയി. എഴുത്തുകാരന്റെ പേര് ഇന്ദ്രൻ രാജേന്ദ്രന്റെ വാലറ്റമാണല്ലോ. പംക്തി തുടങ്ങിയ കാലത്ത് ഇന്ദ്രൻ എന്നു ശരിക്കും ഉച്ചരിക്കുന്നവരും പിന്നീട് ഇന്ദ്രൻസ് എന്നു പറയുന്നതു കേട്ടിട്ടുണ്ട്. ഇന്ദ്രൻസിന്റെ കഷ്ടം!

വാസ്തവത്തിൽ ഇത്തരമൊരു പംക്തി മാതൃഭൂമിയുടെയോ എന്റെയോ കണ്ടുപിടുത്തമല്ല. മലയാള മനോരമയിൽ കെ. ആർ. ചുമ്മാർ ശ്രീലൻ എന്ന തൂലികാനാമത്തിൽ എഴുതിപ്പോന്ന ആഴ്ചക്കുറിപ്പുകൾ എന്ന പംക്തിയാണ് ഇതിന്റെ തൊട്ടടുത്ത മുൻഗാമി. കെ. ആർ. ചുമ്മാർ തൊഴിലാളി പത്രത്തിൽ എഴുതിപ്പോന്ന പംക്തി മനോരമയിലേക്കു പറിച്ചുനടുകയായിരുന്നു. ചുമ്മാറിനും മുൻഗാമികളുണ്ട്. കെ. ബാലകൃഷ്ണന്റെ കൗമുദി പത്രത്തിൽ കിറുക്കുകൾ എന്ന പംക്തി എഴുതിയ കെ. കാർത്തികേയൻ(1904–1966) എടുത്തുപറയേണ്ട പേരാണ്. കേസരി വേങ്ങയിൽ കുഞ്ഞിരാമമേനോൻ, സഞ്ജയൻ, ഇ.വി. കൃഷ്ണപിള്ള തുടങ്ങിയവരിൽ നിന്നും പൊട്ടുകളും സ്വീകരിച്ചാണ് പിറകെ വന്നവർ തങ്ങളുടേതായ പതിപ്പുകൾ ഉണ്ടാക്കിയതെന്നും കരുതാം.

കോളത്തിന് പത്രത്തിൽ നിന്നും വ്യത്യസ്തമായ ഒരു രാഷ്ട്രീയം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടാണല്ലോ കോളം വേണ്ടിവരുന്നത്. വ്യത്യസ്തമായ അഭിപ്രായങ്ങളെ കൊണ്ടുവരുക എന്നാണല്ലോ കോളത്തിന്റെ ഉദ്ദേശ്യം തന്നെ. ഇത് സറ്റയറിക്കലായി വ്യത്യസ്ത വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന ഒരു സംഗതിയായാണ് കണ്ടത്. വിശേഷാൽപ്രതി തുടങ്ങുന്നത് 1995 ലാണ്. ആ കാലത്ത് ഞാൻ റിപ്പോർട്ടറാണ്. അത് തുടങ്ങിയ ആഴ്ച എം.പി. വീരേന്ദ്രകുമാർ റിപ്പോർട്ടിങ് ബ്യൂറോയിൽ വന്നിട്ട്, സൗകര്യം പോലെ നിങ്ങൾ എന്തു വേണമെങ്കിലും എഴുതിക്കോ ഞങ്ങൾ അതിലൊന്നും ഇടപെടില്ല എന്ന് പറഞ്ഞിരുന്നു. അത് അവർ എന്നും പാലിച്ചു.

ജാതിസംഘടനകളുടെ നേതാക്കൾ പലപ്പോഴും അങ്ങനെ ദേഷ്യം പ്രകടിപ്പിച്ചിട്ടുണ്ട്. എൻ.എസ്.എസ്. സെക്രട്ടറി ജി. സുകുമാരൻ നായരെ വിമർശിച്ച് എഴുതിയതിന് അദ്ദേഹം പലവട്ടം വീരേന്ദ്രകുമാറിനെ വിളിച്ച് പരാതി പറഞ്ഞിരുന്നു. വീരേന്ദ്രകുമാർ പിന്നീട് കണ്ടപ്പോൾ അത് എന്നോട് പറഞ്ഞു. അദ്ദേഹം അതൊന്നും കാര്യമായിട്ടെടുത്തില്ല എന്നാണ് എനിക്ക് തോന്നിയത്. അദ്ദേഹം പലപ്പോഴും അങ്ങനെയുള്ള വിഷയങ്ങളിൽ ഇടപെടാറൊന്നുമില്ല. ഇന്ന രീതിയിൽ എന്ന് ഈ മുപ്പത്തിമൂന്നു കൊല്ലത്തെ ജോലിക്കിടയിൽ കമ്പനിയുടെ ഉടമസ്ഥന്മാരോ എഡിറ്റർമാരുപോലുമോ ഇന്നേവരെ പറഞ്ഞിട്ടില്ല. ഇരുപതുവർഷം ഞാനീ കോളം കൈകാര്യം ചെയ്തു.

ഞാൻ ആകെ കാണിച്ചിരുന്ന ഒരു പരിഗണന എന്ന് പറഞ്ഞാൽ മാതൃഭൂമിക്ക് ഒരു സ്ഥാപനം എന്ന നിലയിൽ എന്റെ പ്രവർത്തി ഹാംഫുളാവരുത് എന്നൊരു താത്പര്യം എപ്പോഴും സൂക്ഷിച്ചിരുന്നു എന്ന് മാത്രം.

അമ്പതു വിശേഷാൽപ്രതി



വര:
ഗോപീകൃഷ്ണൻ

ലേഖനങ്ങളുടെ ഒരു സമാഹാരം 2002 ൽ പ്രസിദ്ധീകരിച്ചപ്പോൾ ആമുഖത്തിലെഴുതിയ ഒരു കാര്യം ആവർത്തിക്കേണ്ടതുണ്ട് എന്നു തോന്നുന്നു. വിശേഷാൽപ്രതിയിൽ തമാശ ഒട്ടും ഇല്ലെന്നും ഗൗരവകരമായ കാര്യങ്ങളേ അതിൽ ചൂണ്ടിക്കാട്ടുന്നുള്ളൂ എന്നുമാണ് അന്നെഴുതിയത്.സത്യമാണ്. വായിക്കാനുള്ള സുഖത്തിനുവേണ്ടി അല്പം മേമ്പൊടി ചേർക്കാറുണ്ട് എന്നേ ഉള്ളൂ. പത്രത്തിന്റെ നിലപാടിൽ നിന്നു വ്യത്യസ്തമോ വിരുദ്ധമോ ആയ നിലപാടുകളും പ്രതിഫലിക്കുകയാണ് പംക്തിയുടെ ഉദ്ദേശ്യം എന്നു ലോകമാധ്യമങ്ങളിൽ കോളംരചന ആരംഭിച്ച കാലം മുതൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. ആ തത്ത്വം അവസാനകാലം വരെ മുറുകെപ്പിടിച്ചിട്ടുണ്ട്. ആക്ഷേപമോ ഹാസ്യമോ പംക്തിയുടെ ഉദ്ദേശ്യമായിരുന്നില്ല. ആക്ഷേപഹാ

സ്യത്തിന്റെ ചില രീതികൾ ഇതിനു ഉപയോഗപ്പെടുത്തി എന്നുമാത്രം.

ആയിരത്തിലേറെ ലേഖനങ്ങളിൽ ഒന്നുമാത്രമേ ഉപയോഗിക്കപ്പെടാതിരുന്നുള്ളൂ എന്നത് ഒരു റെക്കോഡൊന്നും ആയിരിക്കില്ല. കാരണം പത്രം ഒരു കോളമിസ്റ്റിനെ കണ്ടെത്തുമ്പോഴും കോളമിസ്റ്റ് പത്രത്തെ സ്വീകരിക്കുമ്പോഴും അതിൽ അലിഖിതമായ ഒരു കരാർ ഉണ്ടാകും. ഈ പത്രത്തിൽ തനിക്കു പോകാവുന്ന പരിധിയെക്കുറിച്ച് എഴുത്തുകാരനും എഴുത്തുകാരൻ എത്രത്തോളം പോകും എന്നതിനെക്കുറിച്ച് പത്രാധിപർക്കും ഉണ്ടാകുന്ന സാമാന്യമായ ബോധമാണ് അതിന്റെ അടിസ്ഥാനം. അതു അപൂർവ്വമായേ ലംഘിക്കപ്പെടാറുള്ളൂ. ഒരുപാട് രാഷ്ട്രീയക്കാരേയും സാംസ്കാരികനായകരെയും പറ്റി ഞാൻ എഴുതിയിട്ടുണ്ട്. എന്തെങ്കിലും മാറ്റണമെന്ന് ആരും എന്നോടു പറഞ്ഞിട്ടില്ല. ഒരു വാചകമെങ്കിലും പത്രാധിപന്മാർ വെട്ടി മാറ്റിയിട്ടില്ല. ഇക്കാര്യത്തിൽ ആർക്കുകിട്ടിയതിലും സ്വാതന്ത്ര്യം എനിക്കു ലഭിച്ചിരുന്നു. ഒരു ആക്ഷേപഹാസ്യ രാഷ്ട്രീയകോളം അങ്ങനെയേ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ എന്ന ബോധം സ്ഥാപനത്തിനുമുണ്ടായിരുന്നു എന്നർത്ഥം.

കാർട്ടൂൺ പിന്തുണ

വിശേഷാൽ പ്രതിയിലെ നൂറു ലേഖനങ്ങൾ രണ്ടു പ്രാവശ്യമായി പുസ്തക രൂപത്തിലാക്കിയിട്ടുണ്ട്. 2002ലും 2010ലും ആദ്യത്തേതിനു കവർ വരച്ചത് കാർട്ടൂണിസ്റ്റ് ഗോപീകൃഷ്ണനാണ്. ആ പുസ്തകത്തിന് അവതാരിക എഴുതിയത് സക്കറിയയും. രണ്ടാമത്തെ വോള്യത്തിന് അവതാരിക എഴുതിയത് ഗോപീകൃഷ്ണനാണ്. കാലികപ്രാധാന്യം മാത്രമുള്ള വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾക്കു എന്തു പ്രസക്തിയാണുള്ളത് എന്ന ചോദ്യം രണ്ടുവട്ടവും സ്വയം ചോദിച്ചിരുന്നു. രാഷ്ട്രീയ ചരിത്രത്തിലൂടെയുള്ള ഒരു തിരിച്ചുപോക്കു രാഷ്ട്രീയ - പത്രപ്രവർത്തക വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടും.

അവാർഡുകൾ പത്രപ്രവർത്തന യാത്രയിലെ വഴിച്ചോറുകൾ തന്നെ. അതു വയറുനിറയെ ലഭിച്ചിട്ടുണ്ട്. പക്ഷേ പംക്തിയെഴുത്തുകാരനെ മുന്നോട്ടു നയിക്കുന്നതു വായനക്കാരാണ്. ഇന്റർനെറ്റിന്റെയും സാമൂഹ്യ മാധ്യമത്തിന്റെയും ഈ കാലത്താണ് വായനക്കാർക്ക് എഴുത്തുകാരുമായി ബന്ധപ്പെടാൻ ഏറ്റവും സൗകര്യപ്രദം. പക്ഷേ, ഇന്റർനെറ്റിനു മുമ്പാണ് ഉള്ളു തുറന്നുള്ള പ്രതികരണങ്ങൾ ലഭിച്ചിരുന്നത് എന്നു തോന്നുന്നു. എത്രയോ വായനക്കാർ ആസ്വാദന ക്കത്തുകൾ വിസ്തരിച്ചെഴുതി. കാശുമുടക്കി തപ്പാലിലയച്ചിരുന്നു അന്ന്. ആ കത്തുകളിലെ സ്നേഹവും അടുപ്പവും എന്തുകൊണ്ടാ ഇ മെയിലുകളിൽ കുറവേ കാണാറുള്ളു. പ്രമുഖ പത്രപ്രവർത്തകൻ വി. എം. കൊറാത്ത്, പണ്ഡിതനായ ഡോ. അകവൂർ നാരായണൻ, എക്സ്പ്രസ് പത്രാധിപരായിരുന്ന പി. ശ്രീധരൻ, സ്വാതന്ത്ര്യസമരസേനാനിയും പത്രപ്രവർത്തകനുമായിരുന്ന പെരുന്ന കെ. എൻ. നായർ എന്നിവർ മൺമറഞ്ഞ പ്രശസ്തരിൽ ചിലർ മാത്രം. പി. ഗോവിന്ദപിള്ള ഫോൺ ചെയ്താണ് സന്തോഷം പ്രകടിപ്പിക്കാറുള്ളത്. ഇപ്പോഴുള്ളവരിൽ ലീലാവതിടീച്ചറും, ഡോ.ഡി. ബാബുപോളും, പ്രൊഫ. പന്മന രാമചന്ദ്രൻ നായരും, ആർ. വി.ജി മേനോനും, കെ.എൽ. മോഹനവർമയും ഉൾപ്പെടുന്ന പ്രമുഖരുടെ നിരയുണ്ട്. ഇ.മെയിൽ കാലമായതോടെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ആസ്വാദനങ്ങൾ വരവായി.

ഇന്ദ്രൻ ഇനിയില്ല

2014- ൽ റിട്ടയർ ചെയ്യുന്നതോടെ പംക്തി നിർത്തണമെന്നു ആഗ്രഹിച്ചിരുന്നതാണ്. പക്ഷേ, പൊതുഅഭിപ്രായം മാനിച്ച് തുടർന്നു. 2015 ജൂലായിൽ ജേണലിസ്റ്റ് യൂണിയൻ ഭാരവാഹിയായിരുന്ന സഹപ്രവർത്തകനെ മാതൃഭൂമി പിരിച്ചുവിട്ടപ്പോൾ അതിനെതിരെ പരസ്യമായി പ്രതികരിക്കേണ്ടി വന്നു. പംക്തി നിറുത്തുന്നതിനെക്കുറിച്ച് അപ്പോൾ വീണ്ടും ആലോചിച്ചു. അന്നും മാനേജിങ്ങ് എഡിറ്റർ പി.വി. ചന്ദ്രൻ എഴുത്തുതുടരണം എന്നു തന്നെ അറിയിച്ചു. കഴിഞ്ഞ കുറച്ചു മാസങ്ങളായി, പംക്തി തുടരുന്നതിൽ സ്ഥാപന അധികൃതർക്കുള്ള അപ്രിയം പ്രകടമായ സാഹചര്യത്തിലാണ് പംക്തിയെഴുത്തു നിർത്താൻ തീരുമാനിച്ചത്. സ്ഥാപനവുമായി മുപ്പത്തഞ്ചു വർഷമായുള്ള ബന്ധത്തിനിടയിലെ എറ്റവും സങ്കടകരമായ തീരുമാനം. എങ്കിലും ഇത്രയും നീണ്ട കാലം മാതൃഭൂമിയിൽ മറ്റാരും ഇതുപോലൊരു പംക്തി എഴുതിയിട്ടില്ലെന്ന അഭിമാനം മറച്ചുവെക്കുന്നുമില്ല.

21-ാം പേജിൽനിന്നും തുടർച്ച.....

സാമൂഹികമാറ്റം വരുത്തുവാനും മറ്റുമുള്ള പത്രപ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമുള്ളതാണ് എന്നും മാധ്യമസ്ഥാപനങ്ങളെല്ലാം അതിനുപറ്റിയ ഏറ്റവും നല്ല ഇടമാണ് എന്നും അന്ന് തോന്നിയിരുന്നു. അത്തരം പ്രതീക്ഷകളെല്ലാം യാഥാർത്ഥ്യമായി എന്ന് എനിക്കഭിപ്രായമില്ല. പക്ഷേ, വട്ടപ്പൂജ്യമാണ് എന്നും പറയാനാകില്ലല്ലോ.

ഒരുപാട് കാര്യങ്ങൾ പത്രപ്രവർത്തകർക്ക് ചെയ്യാൻ പറ്റും. ഭാഷാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ പറ്റും. നല്ലൊരു തലവാചകം എഴുതുന്നതുപോലും ചിലപ്പോൾ വല്ലാത്ത സംതൃപ്തി തരുന്ന ഒരു സംഗതിയായിരിക്കും. കെ. എസ്. ചന്ദ്രൻ എന്ന ഒരു ലിറ്ററി എഡിറ്ററെക്കുറിച്ച് ഞാൻ ഈയ്യിടെ വായിച്ചു. അദ്ദേഹത്തിനു മുന്നിൽ എത്തിയ പത്മരാജന്റെ ഒരു നോവലിന്റെ പേര് 'പാമ്പ്' എന്നായിരുന്നു. ചന്ദ്രൻ ആ പേര് മാറ്റി. 'രതിനിർവേദം' എന്നാക്കി. ആ ഒരു തിരുത്ത് വലിയ ക്രിയേറ്റീവ് വർക്കല്ലേ. എക്കാലവും ഓർമ്മിക്കുന്ന ഒരു പേരാക്കി ആ നോവലിനെ മാറ്റിയത് ആ ഒരു എഡിറ്റോറിയൽ വർക്കാണെന്നാണ് എന്റെ തോന്നൽ. ആ രീതിയിൽ നമ്മൾ ഉണ്ടാക്കുന്ന പേജിന്റെ അകത്ത് നമ്മൾ ചെയ്യുന്ന ക്രിയേറ്റീവ് ആയ മുദ്രകൾ ഒരുപാടുണ്ടാകും. ഒരു ഫോട്ടോ കൊടുക്കുന്നതിന്റെ അകത്ത്, ഒരു ക്യാപ്ഷൻ കൊടുക്കുന്നതിന്റെ അകത്ത് ഒക്കെ അതുണ്ടാവും.

പത്രപ്രവർത്തനവും സാമൂഹ്യപ്രവർത്തനവും....?

ഒരു റിപ്പോർട്ടറെ സംബന്ധിച്ചിടത്തോളം അയാൾ ഒരു സംഭവം കണ്ടെത്തുകയും അത് ചൂണ്ടിക്കാണിക്കുകയും ചെയ്യുമ്പോൾ പരിഹരിക്കപ്പെടുന്ന ഒരു വലിയ പ്രശ്നമുണ്ടായിരിക്കും. പലപ്പോഴും ആ പ്രവൃത്തി കൊണ്ട് ആർക്കെങ്കിലും ഒരു പ്രയോജനം ഉണ്ടാവും. ഞാൻ റിപ്പോർട്ടിങ്ങ് വളരെ കുറച്ചേ ചെയ്തിട്ടുള്ളൂ. ഏതാണ്ട് പത്തു വർഷം. പക്ഷേ, ആ കാലത്ത്

ചെയ്ത വളരെ ചെറിയ ചില വർക്കുകൾപോലും പലർക്കും ഗുണകരമായി മാറിയ അനുഭവവും ഉണ്ടായിട്ടുണ്ട്. പണ്ട് പാലക്കാട് ജോലി ചെയ്തപ്പോൾ എഴുതിയ ഒരു റിപ്പോർട്ട്കൊണ്ട് അവിടുത്തെ ഒരു ആദിവാസി ഊരിൽ വലിയ തരത്തിൽ മാറ്റങ്ങളുണ്ടായി എന്ന് മണ്ണാർക്കാട് നിന്നുള്ള ഒരു സാമൂഹിക പ്രവർത്തകൻ ഈയ ടുത്ത് ഒരു കത്തെഴുതി അറിയിച്ചി രുന്നു. നമ്മൾ എന്നും ചെയ്യുന്ന തൊഴിലിന്റെ ഭാഗമായിട്ടാണ് ആ റിപ്പോർട്ട് ചെയ്തത്. പക്ഷേ നമ്മൾ പോലും പിന്നീട് ശ്രദ്ധിക്കാത്ത തല ത്തിൽ മാറ്റങ്ങൾ അത് ഉണ്ടാക്കു ന്നുണ്ട്. പലപ്പോഴും ഒരു സർക്കാർ ആഫീസിൽ ജോലി ചെയ്യുന്ന ആളെക്കാൾ സമൂഹത്തിനു ഗുണം ചെയ്യാൻ മാധ്യമപ്രവർത്തകനു പറ്റി യേക്കും.

പത്രപ്രവർത്തകന്റെ റോൾ....?

എനിക്കിപ്പോഴും സംശയം തീരാത്ത കാര്യമാണ്, ഒരു പത്രപ്ര വർത്തകന് റിപ്പോർട്ടർ റോളിനപ്പുറ ത്ത് എന്തെങ്കിലും ചെയ്യാനുള്ള ബാധ്യതയുണ്ടോ എന്നത്. ഞാൻ ഈ ജേണലിസത്തിന്റെ എത്തി ക്സൊക്കെ പഠിപ്പിക്കാൻ പോകുന്ന ആളാണ്. പക്ഷേ എനിക്കും വ്യക്തത ഇല്ല. പല പ്പോഴും പല രാജ്യങ്ങളിലും പൊളി റ്റിക്കായ പ്രശ്നങ്ങളിൽ പത്രപ്ര വർത്തകർ വളരെ പോസറ്റീവായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇന്ത്യാ പാക്കിസ്ഥാൻ പ്രശ്നങ്ങ ളിൽ പലപ്പോഴും പത്രപ്രവർത്തക രുടെ മധ്യസ്ഥശ്രമങ്ങൾ ഉണ്ടായിട്ടു ണ്ട്. ഒരു റിപ്പോർട്ടർക്ക് റിപ്പോർട്ട് മാത്രമേ ചെയ്യാൻ പാടുള്ളൂ എ ന്നുണ്ടോ എന്നാണ് ഞാൻ ചോദി ക്കുന്നത്. റിപ്പോർട്ടിങ് നടക്കുന്നി ടത്ത് ഒരാൾ അടികൊണ്ടു വീണു കിടക്കുന്നു എങ്കിൽ അവനെ രക്ഷി ക്കാനുള്ള ബാധ്യത ഓരോ പൗരനും ഉള്ളതുപോലെതന്നെ അവിടെയുള്ള റിപ്പോർട്ടർക്കും ഉ ണ്ട്. റിപ്പോർട്ടറായി എന്നതുകൊണ്ട് ഒരാൾ മനുഷ്യനല്ലാതായി മാറേണ്ട തില്ലല്ലോ. യുദ്ധവും പട്ടിണിയും കൊണ്ട് ദരിദ്രമായ സുഡാനിൽ കഴുകന് മുന്നിൽ ഭക്ഷണമായി ഇരി ക്കുന്ന കുട്ടിയുടെ ഫോട്ടോ എടുത്ത് പ്രസിദ്ധനായ കെവിൻ കാർട്ടൻ പിന്നീട് സമനില തെറ്റി ആത്മഹത്യ ചെയ്തതിന്റെ സംവാദം ഇന്നും തീർന്നിട്ടില്ല. നമ്മളെ സംബന്ധിച്ചിടത്തോളം മനുഷ്യൻ എന്ന പരിഗണനയാണ് ആദ്യം വേണ്ടത്. പിന്നെയാണ് റിപ്പോർട്ടർ എന്നുള്ള ജോലി വരു ന്നത്. റിപ്പോർട്ടറുടെ ജോലിക്കു വേ ണ്ടി മനുഷ്യത്വം മാറ്റിവെക്കാൻ എന്നാണ് എന്റെ ബോധ്യം. സഹ ജീവി സ്നേഹമാണല്ലോ പത്രപ്ര വർത്തകർക്ക് അത്യാവശ്യം വേണ്ട തായ ഗുണം.

മാധ്യമങ്ങളുടെ യൂണിയനുക ളെക്കുറിച്ച്....?

മാധ്യമങ്ങൾ ഉൾപ്പെടുന്ന മേഖ ലകളിൽ യൂണിയനുകൾ ഉണ്ടെ ങ്കിലും അവരൊക്കെ ഉടമകളുടെ തന്നെ ഒരു ഭാഗമാണ്. മാനേ ജ്മെന്റിന് തൊഴിലാളികളെ കൊണ്ട് ചെയ്യിക്കാനുള്ള കാര്യ ങ്ങൾ നടപ്പിലാക്കാനുള്ള ഒരു ഉപ കരണമാണ് മാധ്യമരംഗത്തെ തൊഴിലാളി സംഘടനകൾ. മിക്ക വാറും സ്ഥാപനങ്ങളുടെ സ്ഥിതി അതാണ്. ഒരു വ്യക്തിയുടെ പ്രശ്ന ത്തിന് വേണ്ടിയിട്ട് ചെന്നാൽ, മാനേ ജ്മെന്റ് അതൊന്നും വേണ്ടാ എന്നു പറഞ്ഞാൽ മിണ്ടാതിരിക്കുന്നവ രായി യൂണിയൻ പ്രതിനിധികൾ മാറും. ആരും ഒരു പ്രശ്നമുണ്ടാക്കി സ്വന്തം അവസ്ഥ മോശമാക്കാൻ ആഗ്രഹിക്കുന്നില്ല. ആത്യന്തിക മായി നമ്മൾ ഒരു പ്രഫഷനിൽ വന്നിരിക്കുന്നത് അവിടെ ജോലി ചെയ്യാനാണ്. മറ്റു ജോലി ചെയ്യുന്ന വരെപ്പോലെയല്ല. ജേണലിസ്റ്റു കളെ സംബന്ധിച്ചിടത്തോളം അവർക്ക് മാനേജ്മെന്റുമായി സഹ കരിച്ചു നിന്നെങ്കിൽ മാത്രമേ ജോലി ചെയ്യാനൊക്കൂ. ഒരു സ്പോർട്സ് അസൈൻമെന്റ് കിട്ടു ന്നില്ലെങ്കിൽ അയാൾ പ്രഫഷണലി ഡെഡ് ആയി മാറും. അങ്ങനെ അവസ്ഥകൾ ഉണ്ടാകാതെ ശ്രദ്ധിച്ചു കൊണ്ട് മാത്രമേ പലപ്പോഴും ഇതിൽ ജോലി ചെയ്യാൻ കഴിയൂ എന്ന അവസ്ഥയുണ്ട്. പണ്ടൊന്നും പക്ഷേ, അങ്ങനെയല്ല. ബി. ആർ. പി. ഭാസ്കർ ഇടത്തട്ട നാരായ ണന്റെ ലിങ്ക് പത്രത്തിൽ ജോലിചെ യ്യുമ്പോൾ അദ്ദേഹത്തെ കാണാൻ എം.പി. നാരായണപിള്ള കയറിച്ചെ ന്നു. ബി.ആർ.പി.യോട് ഇടത്തട്ട നാരായണൻ പറഞ്ഞു. എന്റെ അനുവാദമില്ലാതെ ആരും അകത്ത് കയറാൻ പാടില്ലാന്ന്. നാരായണപി ള്ളയുടെ കൂടെ പുറത്തെക്കിറ ങ്ങുമ്പോൾ ബി.ആർ.പി. ഒരു മിനുട്ട് നിൽക്കാൻ പറഞ്ഞ് രാജിക്കത്ത് എഴുതിക്കൊടുത്തു. അത് പഴയ കാലം. ഇന്ന് ജോലിചെയ്യുന്ന പത്രസ്ഥാപനത്തിൽ നിന്നും അങ്ങനെ ഇറങ്ങി പോരാൻ ആർക്കും കഴിയില്ല. ഇനി ഇറങ്ങി പ്പോന്നാൽ നിങ്ങൾ എങ്ങോട്ടാണ് പോവുക? ഇത്രപോലും ജോലി

കൃതകൾ

1. മതിലില്ലാത്ത ജർമ്മനിയിൽ 2. പത്രം ധർമ്മം നിയമം 3. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം 4. വിശേഷാൽ പ്രതി 5. മാറുന്ന ലോകം മാറുന്ന മാധ്യമ ലോകം 6. വീണ്ടും വിശേഷാൽ പ്രതി 7. ബംഗാൾ ചില അപ്രിയ സത്യങ്ങൾ 8. വേണം, മാധ്യമങ്ങൾക്കു മേലെയും ഒരു കണ്ണ് 9. വിമർശകർ വിദൂഷകർ വിപ്ലവകാരികൾ 10. മലയാള മാധ്യമം അകവും പുറവും



'വിശേഷാൽ പ്രതി' ലേഖനങ്ങളുടെ ആദ്യസമാഹാരം ടി.ജെ.എസ്. ജോർജ്ജ്, ഡോ.സെബാസ്റ്റ്യൻ പോളിന് നൽകി പ്രകാശനം ചെയ്യുന്നു. എം.പി.വീരേന്ദ്രകുമാർ, പി.വി.ചന്ദ്രൻ സമീപം.

സുരക്ഷിതത്ത്വമില്ലാത്ത ടെലിവിഷൻ മീഡിയയിലേക്കാണ് പോകേണ്ടിവരിക. അവിടെ വേജ്ബോർഡൊന്നും ഇല്ല. ഷോപ്പ്സ് ആന്റ്സ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് അനുസരിച്ചാണ് നിങ്ങൾ അവിടെ ജോലി ചെയ്യേണ്ടത്.

അങ്ങനെയൊക്കെയുള്ള ഒരു സ്ഥലമാണ് ജേണലിസം. അവിടെ ആകെയുള്ള ചില സ്വരങ്ങളെ കൂടി ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ചോദ്യം ചെയ്യേണ്ടതാണ്. അങ്ങനെയുള്ള ഒരു സാഹചര്യം ഒരു ജനാധിപത്യരാജ്യത്ത് ഉണ്ടാകാൻ പാടുണ്ടോ? പിന്നെ ജനാധിപത്യം എന്നൊക്കെ പറഞ്ഞ് നമ്മൾ എഴുതുന്നതിന്റെയും പറയുന്നതിന്റെയും അർത്ഥം എന്താ?

പത്രപ്രവർത്തനം ആകർഷകമല്ലാത്ത ജോലിയാണോ....?

ഒരു തൊഴിൽ എന്ന തരത്തിൽ ഒട്ടും ആകർഷകമല്ലാത്ത ഒന്നാണ് പത്രപ്രവർത്തനം എന്നാണ് എന്റെ തോന്നൽ. മറ്റുള്ളവരെല്ലാം ജോലി കഴിഞ്ഞുവരുമ്പോൾ നമ്മൾ ജോലി ചെയ്യുന്നു. മൂന്നുമണിവരെയൊക്കെ എഡിറ്റിങ് ജോലി ചെയ്യുന്നു. ചെയ്യുന്ന ജോലി എന്നത് മിക്കവാറും നമുക്ക് മുന്നിൽ വരുന്ന വാർത്തകളുടെ ഭാഷാപരമായ തെറ്റുകൾ പരിഹരിക്കുക എന്നതായിരിക്കും. അവിടെ ഒരു കമ്മിറ്റി നടന്നു. ഇവിടെ ഒരു ചെളിക്കുണ്ട് ഉണ്ട്. അങ്ങനെ അങ്ങനെ നൂറുകണക്കിന് വ്യർത്ഥമെന്നു തോന്നുന്ന കാര്യങ്ങൾക്കിടയിൽ കിടന്ന് തിരുത്തലുകൾ നടത്തുമ്പോൾ ഇതിലൊക്കെ വല്ല ക്രിയാത്മകതയും ഉണ്ടോ എന്ന് ആലോചിച്ചുപോവും. അതൊക്കെ ചെയ്തിട്ട് വന്നു കിടന്നുറങ്ങുമ്പോൾ വിളിച്ചെഴുന്നേൽപ്പിച്ച് ആ മറ്റേ കമ്മിറ്റിയുടെ വാർത്ത കൊടുത്തില്ല. ഇവിടെ ഇന്നയാള് പറഞ്ഞത് വന്നില്ല എന്നൊക്കെ ചീത്ത പറയുന്നതും കേൾക്കണം. നമ്മൾ വിചാരിക്കുന്നത് പോലെ അത്രയ്ക്കൊരു ഗ്ലാമർ ഇതിനുണ്ട് എന്ന് എനിക്ക് തോന്നിയില്ല.

ഞാൻ ഗവൺമെന്റ് ജോലി ഉപേക്ഷിച്ചു വന്നയാളാണ്. പക്ഷെ ഒരഞ്ചുപത്തുകൊല്ലം കഴിഞ്ഞപ്പോഴേക്കും ഇവിടെ നിന്നും ആളുകൾ ഗവൺമെന്റ് ജോലിക്കായി തിരിച്ചു പോകുന്ന സാഹചര്യം ഉണ്ടായി. അന്ന് കോളേജ് അദ്ധ്യാപകന്റെ ജോലി കിട്ടിയിട്ട് പോകാതിരുന്ന ആളുകളുണ്ട്. എം.എൻ. കാരശ്ശേരി, ടി.പി. കുഞ്ഞിക്കണ്ണൻ തുടങ്ങിയവരൊക്കെ പത്രപ്രവർത്തനം വിട്ട് കോളേജ് ജോലിക്ക് പോയവരാണ്. കെ.സി. നാരായണൻ ആ ജോലി കിട്ടിയിട്ട് പോകാതിരുന്ന ആളാണ്. കല്പറ്റ നാരായണൻ യഥാർഥത്തിൽ എന്റെ കൂടെ ജേണലിസം ഇന്റർവ്യൂവിന് വന്ന ആളാണ്. അന്ന് ഞാൻ ഇന്റർവ്യൂവിന് വന്നപ്പോൾ കൂടെ പല എഴുത്തുകാരുമുണ്ടായിരുന്നു.

അന്ന് കൂടെ ഇന്റർവ്യൂവിന് വന്ന

വാർത്തയേക്കാൾ പ്രാധാന്യം പരസ്യത്തിനോ..?

ഈ കാലഘട്ടത്തിൽ വാർത്തകളേക്കാൾ അഡ്വർട്ടൈസ്മെന്റിനാണ് പ്രാധാന്യം. ആ യാഥാർത്ഥ്യം നമ്മൾ കണ്ടില്ല എന്ന് നടിച്ചിട്ടു കാര്യമില്ല. നമ്മൾ വായിക്കുന്ന എല്ലാ വാർത്തകളിലും അത് ഉണ്ടാകണമെന്നില്ല. ഇത്തരം പരസ്യക്കാരനുമായി താല്പര്യങ്ങളുടെ ഏറ്റുമുട്ടൽ സംഭവിക്കുന്ന ഒരഞ്ചു ശതമാനം വാർത്തകളെങ്കിലും ഉണ്ടാകും. ഒരു വാർത്തയിൽ അത് കാണുമ്പോഴേക്കും പത്രം മുഴുവൻ അതാണ് എന്ന് കാണുന്നത് ശരിയല്ല. പക്ഷേ, അതും നമ്മൾ തിരിച്ചറിയണം. ലോകത്തെമ്പാടും വൻ കോർപ്പറേറ്റ് സ്ഥാപനങ്ങളും പ്രതിഭാശാലികളായ എഡിറ്റർമാരും ഇന്ന് ഏതാണ്ട് ഒരേ പക്ഷത്താണ്, ഒരേ ആശയങ്ങളുടെയും താല്പര്യങ്ങളുടെയും സംരക്ഷകരാണ് എന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. ആഗോളീകരണത്തിന്റെ പ്രചാരകർകൂടിയായ പ്രമുഖ ബുദ്ധിജീവികളും എഡിറ്റർമാരും കോളമിസ്റ്റുകളും തങ്ങളുടെ സേവനത്തിനു വാങ്ങുന്ന പ്രതിഫലത്തിന്റെ കണക്കുകൾ, ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫെയർനസ് ആന്റ് ആക്കുറസി ഇൻ റിപ്പോർട്ടിങ് ഇൻ കോർപ്പറേറ്റഡ് എന്ന മാധ്യമ നിരീക്ഷണ സ്ഥാപനം ഈയിടെ വെളിപ്പെടുത്തുകയുണ്ടായി. പ്രശസ്ത സാമ്പത്തിക കാര്യ വിദഗ്ദനും ഗ്രന്ഥകാരനുമായ തോമസ് ഫ്രീഡ്മാൻ, എൻ.ബി.സിയുടെ മീറ്റ് ദ പ്രസ് പ്രോഗ്രാം അവതരിപ്പിക്കുന്ന ഡേവിഡ് ഗ്രഗോറി, ടൈമിന്റെയും വാഷിങ്ടൺ പോസ്റ്റിന്റെയും കോളമിസ്റ്റ് കൂടിയായ പ്രശസ്ത ചിന്തകൻ ഫരീദ് സഖറിയ തുടങ്ങിയ നിരവധി പേരുടെ വരുമാന കണക്കുകൾ അവർ പ്രസിദ്ധീകരിക്കുകയുണ്ടായി. 99 ശതമാനം ജനം നേടുന്നതിലേറെ വരുമാനം അമേരിക്കയിലെ ഒരു ശതമാനം ആൾക്കാർ കൈയടക്കുന്നുണ്ട് എന്ന് തിരിച്ചറിയപ്പെട്ടിരുന്നല്ലോ. ആ ഒരു ശതമാനത്തിൽ ഈ പറഞ്ഞ മാധ്യമപ്രവർത്തകരും ഉൾപ്പെടുന്നു. അതുകൊണ്ട് തന്നെയാണ് 99 ശതമാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി നടന്ന വാൾസ്ട്രീറ്റ് പ്രക്ഷോഭത്തെ ഈ എഡിറ്റർമാരും ടെലിവിഷൻ ബുദ്ധിജീവികളും പുച്ഛിച്ചു തള്ളിയത്. പത്തുകോടി രൂപ വാർഷിക ശമ്പളം പറ്റുന്ന എഡിറ്റർമാർ ഇന്ത്യയിലുണ്ട് എന്ന വെളിപ്പെടുത്തലും അടുത്തയിടെയുണ്ടായി. മാധ്യമത്തിന്റെ ജനാധിപത്യം എന്നതിനെ ഈ അവസ്ഥകളെയൊക്കെ കൂട്ടിനിർത്തി വേണം വായിക്കാൻ.

ഗൗരി ലങ്കേഷ് വധം: കണ്ണൂരിലെ പാനൂരിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുന്നു

ലേഖകനോടൊപ്പം

കല്പറ്റ നാരായണൻ കോളേജ് ജോലിയിലേക്ക് പോയതാണ് കൂടുതൽ നന്നായത് എന്നെനിക്ക് തോന്നിയിട്ടുണ്ട്. എഴുത്തിനും സാംസ്കാരിക പ്രവർത്തനത്തിനുമെല്ലാം ധാരാളം സമയം ആ തൊഴിലിൽ ആയത് കൊണ്ട് അദ്ദേഹത്തിനു കിട്ടിയിട്ടുണ്ട്. വരുമാനത്തിന്റെ കാര്യത്തിലും അതുതന്നെയാണ് മെച്ചപ്പെട്ടത്.

പത്രപ്രവർത്തനവും സാഹിത്യ പ്രവർത്തനവും....?

രാവിലെ മുതൽ വൈകുന്നേരം വരെ ഈ എഴുത്തും വായനയും തിരുത്തലും ഒക്കെയായി ഇരുന്നിട്ട് പിന്നെ വീണ്ടും എന്തെങ്കിലും എഴുതുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലും ആകാത്ത അവസ്ഥയിലായിരിക്കും നമ്മൾ. വേറെ വല്ലതും ചെയ്യാൻ തോന്നിക്കൊണ്ടിരിക്കും. കവികൾക്കും നോവലിസ്റ്റുകൾക്കും കഥാകൃത്തുകൾക്കുമൊക്കെ പിന്നെയും കുറെയൊക്കെ ചെയ്യാൻ പറ്റും. ഇന്ന് ആഗോളതലത്തിൽ തന്നെ അറിയപ്പെടുന്ന ക്രിയേറ്റീവ് റൈറ്റേഴ്സ് ഒരുപാടു പേരും ജേണലിസ്റ്റുകളാണ്. പക്ഷേ, ഞാൻ ചെയ്തതുപോലെ തുടർച്ചയായി ലേഖനപംക്തി എഴുതാൻ പലർക്കും വലിയ ബുദ്ധിമുട്ടായിരിക്കും. എനിക്കിപ്പോൾ 'വിശേഷാൽപ്രതി' പോലെ ഒരു കോളം എഴുതാൻ സാധിച്ചതുകൊണ്ട് മാത്രമാണ് അല്പമെങ്കിലും ക്രിയേറ്റീവ് ആയി ശ്രദ്ധിക്കപ്പെടാൻ ആയത്. പക്ഷേ, എന്നെക്കാളൊക്കെ പ്രഗല്ഭരായവരും എന്നെപ്പോലെ തന്നെ തൊഴിലെടുത്തവരും ആയ ഒട്ടേറെപ്പേർ ആരും അറിയാത്ത ന്യൂസ് ഡെസ്ക്കുകളിൽ അവരുടെ ജോലി അതിമനോഹരമായി ചെയ്തുപോയിട്ടുണ്ട്. ഡെസ്ക്കാണ് ഈ സാധനം ഉണ്ടാക്കുന്നതുതന്നെ. പത്രം എന്ന പ്രോഡക്ടിനെ അതിന്റെ പൂർണ്ണതയിൽ എത്തിക്കാൻ അവർ ചെയ്ത പങ്ക് വളരെ വലുതാണ്. അതേ സമയം ഒരു തൊഴിൽ എന്നതിനപ്പുറം അവരൊക്കെ എന്ത് നേടി, അല്ലെങ്കിൽ എന്ത് ചെയ്തു എന്ന് ചോദിച്ചാൽ എനിക്കറിയില്ല. ഞാൻ ഇത്രയൊന്നും എഴുതാതെ കുറെ വാർത്തകൾ എഡിറ്റ് ചെയ്യുക മാത്രമാണ് ചെയ്തതെങ്കിൽ എനിക്ക് ശരിക്കും സങ്കടം വരുമായിരുന്നു. ഒരു ക്ലർക്കിന്റെ പണിക്കപ്പുറം എന്താണ് ഈ പണിക്കുള്ള വ്യത്യാസം എന്ന് എനിക്ക് തീർച്ചയായും തോന്നിയേനേ.

പൊതുകാര്യങ്ങളെക്കുറിച്ചായി തുടർന്നുള്ള സംസാരം....

തലശ്ശേരിയിലെ കമ്മ്യൂണിസ്റ്റ് നേതാക്കളുമായുള്ള ബന്ധം.....?

എ. കെ. ബാലൻ ബ്രണ്ണൻ കോളേജിൽ എന്റെ സീനിയറാണ്. കോടിയേരി ബാലകൃഷ്ണൻ ബ്രണ്ണൻ കോളേജിൽ പഠിച്ചിട്ടില്ല. പക്ഷേ അദ്ദേഹം അവിടെ സജീവമായി സംഘടനാരംഗത്തുണ്ട്. നല്ല പരിചയമുണ്ട്.

77 ലെ തിരഞ്ഞെടുപ്പിന്റെ പ്രചാരണ രംഗത്ത് പരിവർത്തനവാദിക

ആദ്യകൃതി 'മതിലില്ലാത്ത ജർമ്മനിയിൽ'-
ഡോ.സുകുമാർ അഴീക്കോട് പ്രകാശനം ചെയ്യുന്നു. പവനൻ സമീപം

മീഡിയയും ജനാധിപത്യവും

മീഡിയയിൽ എന്ത് ജനാധിപത്യമാണ് ഉള്ളത്. മീഡിയ എന്നു പറയുന്നത് സ്വകാര്യ സ്വത്തല്ലേ. സ്വകാര്യ ഫാക്ടറികളെ പോലെ തന്നെ. മീഡിയയിലെ പല തീരുമാനങ്ങളും നയങ്ങളും ഒക്കെ ഏതുതരത്തിലാണ് എടുക്കപ്പെടുന്നത് എന്ന് നമുക്ക് അറിയില്ല. പല തീരുമാനങ്ങളുടെയും എക്സ്പ്ലനേഷൻ എന്താണ് എന്ന് പോലും നമുക്ക് മനസ്സിലാകില്ല. എഡിറ്റോറിയൽ ബോർഡ് തീരിമാനിച്ചതുകൊണ്ടു മാത്രം ഒരു കാര്യം പ്രസിദ്ധീകരണത്തിൽ വരണം എന്നില്ല. എന്ത് തരത്തിൽ വാർത്തകൾ വരണം എന്ന് തീരുമാനിക്കപ്പെടുന്നത് കമ്പനിയുടെ താല്പര്യമാവാം. പലപ്പോഴും അത് സാമ്പത്തിക താല്പര്യംപോലും ആകണമെന്നില്ല. ചിലപ്പോൾ മാധ്യമത്തെ നിയന്ത്രിക്കുന്ന കമ്പനിയുടെ തന്നെ ഏറ്റവും പ്രിയപ്പെട്ട ഒരാൾക്കെതിരെ ഒരു വാർത്ത വന്നാൽ അത് സർക്കുലേഷൻ സംബന്ധിച്ച് ചിലപ്പോൾ ലാഭകരമായേക്കാം. അതേസമയം ഒരു തല്ലിപ്പൊളി പരസ്യക്കാരനെതിരെ ഒരു വാർത്ത വരുന്നത് കമ്പനിക്ക് നഷ്ടമുണ്ടാക്കും എന്ന തരത്തിൽ സമീപിക്കുന്നതും കാണാം. പക്ഷെ സത്യത്തിൽ അങ്ങനെ ആകണമെന്നില്ല. പത്തുരൂപയുടെ പരസ്യം ഒഴിവാക്കികൊണ്ട് വാർത്ത കൊടുത്താൽ ചിലപ്പോൾ നൂറു രൂപയുടെ ലാഭം ആയിരിക്കും ഉണ്ടാകുക. ലാഭം എന്നത് മോശം കാര്യമാണ് എന്നും കണക്കാക്കേണ്ടതില്ല. ഗുഡ് ജേണലിസം ഈസ് ഗുഡ് ബിസിനസ് എന്ന് പറഞ്ഞ പത്രമുതലാളിമാരുണ്ട്. നല്ല ജേണലിസം നടത്തുകയാണ് ലാഭമുണ്ടാക്കാൻ ഏറ്റവും നല്ല വഴിഎന്ന് തെളിയിച്ചവരുമുണ്ട്.

ളുടെ കൂടെ ഞാൻ വളരെ സജീവ മായി ഉണ്ടായിരുന്നു. അന്ന് പല പ്പോഴും രാഷ്ട്രീയ പൊതുയോഗ ങ്ങളിൽ പ്രസംഗിച്ചിരുന്നു. ഞങ്ങൾ ഇടതുപക്ഷത്തോടൊപ്പമായിരുന്നു. അന്ന് പാട്യം ഗോപാലനാണ് സ്ഥാനാർത്ഥി. അരങ്ങിൽ ശ്രീധ രൻ ലോക്സഭാ സ്ഥാനാർത്ഥി. കോടിയേരി ബാലകൃഷ്ണനുമായി ഒരുമിച്ചു ഒരുപാട് വേദികളിൽ പ്രസംഗിച്ചിരുന്നു. ആ ഒരു പരി ചയം ഇപ്പഴും ഉണ്ട്.

പിണറായിയുമായി അത്തര ത്തിൽ ഒരു ബന്ധവും ഉണ്ടായിട്ടില്ല. അടുത്തകാലത്ത് അദ്ദേഹത്തിന്റെ മകളുടെ കല്യാണത്തിനു വിളിച്ച പ്പോഴാണ് എന്നെ അദ്ദേഹത്തിന റിയാം എന്ന് മനസ്സിലായത്. എന്നെ ഒരു മാധ്യമ പ്രവർത്തകൻ എന്ന മട്ടിൽ വിളിച്ചതാണ്. പിന്നെ ഒരി ക്കൽ വിശേഷാൽപ്രതിയിൽ അദ്ദേ ഹത്തിനെതിരെ എന്തോ എഴുതിയ പ്പോൾ അദ്ദേഹം ഒരിക്കൽ പ്രസംഗി ച്ചു. ഇത് എഴുതിയ ചങ്ങാതി ഇങ്ങനെ എഴുതുന്നത് അയാൾ ജനിച്ച സ്ഥലത്തിന്റെ കുഴപ്പമാണ് എന്ന്. എന്റെ വീടിരുന്ന സ്ഥലം ഒരു കടുത്ത ആർ.എസ്.എസ്. സ്വാധീന പ്രദേശമാണ്. പിണറായി അത് മനസ്സിൽ വച്ചുകൊണ്ടാവും അങ്ങനെ പറഞ്ഞത് എന്ന് എനിക്കു തോന്നി.

വിമർശനങ്ങളും പ്രതികരണ ങ്ങളും....?

കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അങ്ങനെ മോശമായി പ്രതികരിക്കാ റൊന്നുമില്ല. പലരും അതിനെയൊക്കെ വളരെ സ്പോർട്ട്സ്മാൻ സ്പിരിറ്റോടെ യാണ് കാണുന്നത്. കോടിയേരി ബാലകൃഷ്ണനും എ. കെ. ബാലനും ആദ്യമായി മന്ത്രിമാരായ പ്പോൾ ബ്രണ്ണൻ കോളേജിൽ വച്ച് അവിടുത്തെ പൂർവ്വവി ദ്യാർത്ഥികളുടെ ഒരു സമ്മേ ളനം അവർക്കൊരു സ്വീക രണം നൽകി. അന്ന് കോടി യേരി ബാലകൃഷ്ണൻ കണ്ട പ്പോൾ തന്നെ പറഞ്ഞു. ഓാ നമുക്കിട്ടു നല്ലോണം വീക്കു ന്നുണ്ടല്ലോ എന്ന്. ഞാൻ പറ ഞ്ഞു, ഏയ്, നിങ്ങളെപ്പറ്റി യൊന്നും ഞാനിതുവരെ അങ്ങിനെയൊന്നും എഴുതിയി ല്ലല്ലോ. അപ്പോൾ അദ്ദേഹം വളരെ തമാശയായിട്ട്, ഞങ്ങ ളെയൊക്കെ വിമർശിച്ച് എഴു ത്, അപ്പോഴല്ലേ ഞങ്ങളും എന്തെങ്കിലും ചെയ്യുന്നുണ്ട് എന്ന് നാട്ടുകാരറിയൂ എന്ന് പറഞ്ഞു. ആ ഒരു സ്പിരിറ്റിൽ എടുക്കുന്നവരാണ് അവർ പലരും.

പക്ഷേ അങ്ങനെ അല്ലാത്ത വരും ഉണ്ട്. മാനേജിങ് ഡയറക്ട റുടെ അടുത്തൊക്കെ ഒരുപാട് പരാതി പറഞ്ഞ ആൾക്കാരുമുണ്ട്. പക്ഷേ, ഈ കമ്മ്യൂണിസ്റ്റുകാ രൊക്കെ പൊതുവെ അതെല്ലാം നല്ല സ്പിരിറ്റോടെ കൈകാര്യം ചെയ്യുന്നവരാണ് എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ആകെ ഉണ്ടായ ഒരനുഭവം ഇ.കെ. നായ നാർ മുഖ്യമന്ത്രിയായ ശേഷം നിയ മസഭാംഗം ആവാൻ തലശ്ശേരി മണ്ഡലത്തിൽ മമ്മുമാസ്റ്റർ എം.എൽ.എ.യെ രാജിവെപ്പിച്ചു മത്സരിച്ചപ്പോൾ ഞാൻ എഴുതിയതി നെപ്പറ്റിയാണ്. മത്സരവുമായി ബന്ധപ്പെടാതെ തന്നെ ഇ.കെ. നായനാരുമായി ബന്ധപ്പെട്ട ചില വിമർശനങ്ങൾ വിശേഷാൽ പ്രതി യിൽ ഉണ്ടായിരുന്നത് അവർക്കിഷ്ട പ്പെട്ടില്ല. അവർ തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി കൊടുക്കുക യൊക്കെ ചെയ്തിരുന്നു.

മുൻ ഗവർണർ കെ.ശങ്കരനാരാ യണനുമായി കുശലം പറയുന്നു

മാറാട് സമാധാനപ്രവർത്തന ങ്ങളെക്കുറിച്ച്.....?

മാറാട് കൂട്ടക്കൊലയെത്തുടർന്ന് സമാധാനം സ്ഥാപിക്കുന്നതിനാ യുള്ള ശ്രമങ്ങളിൽ പത്രപ്രവർത്തക യൂണിയന്റെ ശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. നമുക്ക് ചെയ്യാൻ പറ്റുന്നതിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ ശ്രമിച്ചു എന്ന് മാത്രം. മാറാട് സംഭവങ്ങ ളൊക്കെ കഴിഞ്ഞ് ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചപ്പോ ആർ.എസ്. എസിന്റെ ആൾക്കാർ ആരും വരാൻ തയ്യാറായിരുന്നില്ല. കൊന്നത് അവ രെയാണല്ലോ. എട്ടാളുകളാണ് കൊല്ലപ്പെട്ടത്. കേരളത്തിൽ അങ്ങനെ ഒരു സംഭവം അതിനു മുൻപ് ഉണ്ടായിട്ടില്ല. പിന്നെ പ്രസ്ക്ല ബ്ബിൽ വച്ച് ഒരു ചർച്ചയ്ക്ക് വിളിച്ച പ്പോൾ കുമ്മനം രാജശേഖരനെ പോലെയുള്ള ഹിന്ദുനേതാക്കളും മുസ്ലിം നേതാക്കളും പ്രധാന സാംസ്കാരിക പ്രവർത്തകരും എല്ലാം മീറ്റിങ്ങിനു വന്നു.

സി.ബി.ഐ. അന്വേഷണത്തിനു വേണ്ടി സമ്മതിച്ചാൽ മുസ്‌ലിം കുടുംബങ്ങളുടെ തിരിച്ചുവരവിനും ശാശ്വത സമാധാനത്തിനും ആയി ശ്രമിക്കാം എന്നാണ് വി എച്ച് പി നേതാക്കൾ ഞങ്ങളോട് പറഞ്ഞിരു ന്നത്. മരിച്ചവർക്ക് പത്തുലക്ഷം രൂപ നഷ്ടപരിഹാരവും ബന്ധു ക്കൾക്ക് സർക്കാർ ജോലിയും നൽകുക, മന്ത്രി കുഞ്ഞാലിക്കുട്ടി മാപ്പ് പറയുക തുടങ്ങിയ ആവശ്യ ങ്ങളെല്ലാം ഉപേക്ഷിക്കാം എന്നും അവർ പറഞ്ഞു. അതുകൊണ്ടു തന്നെ ചർച്ചയിൽ ആദ്യം മുതലേ ഞങ്ങൾ നോക്കിയിരുന്നത് സി.ബി, ഐ. അന്വേഷണം പ്രഖ്യാപിച്ച്

മാതൃഭൂമിയിൽനിന്നും വിരമിച്ചപ്പോൾ- കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡണ്ട് കെ. പ്രേമനാഥ് ഉപഹാരം നൽകുന്നു.

കുടുംബം

നീലഗിരിയിൽ എസ്റ്റേറ്റ് ഉദ്യോഗസ്ഥനായിരുന്ന വയലളം ഇണാച്ചിറ നാരായണൻ നായരാണ് പിതാവ്. മണ്ണയാട് നടുവത്ത് പുത്തൻപുരയിൽ ലക്ഷ്മി അമ്മ മാതാവ്. നാലു സഹോദരിമാർ. രുഗ്മിണി (റിട്ട.സബ് രജിസ്ട്രാർ), രാധ (റിട്ട. വിദ്യാഭ്യാസ വകുപ്പ്), സീത (റിട്ട. അധ്യാപിക), ഉഷ (റിട്ട അധ്യാപിക). ഭാര്യ കെ.ശൈലജ, മകൻ അനൂപ് രാജ്. ഇരുവരും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരാണ്.

പദവികൾ

മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ, കേരള പ്രസ് അക്കാദമി ചെയർമാൻ, വൈസ് ചെയർമാൻ, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡണ്ട്, കോഴിക്കോട് ജില്ലാ പ്രസിഡണ്ട് തുടങ്ങിയ പദവികൾ വഹിച്ചു.

പ്രശ്നം ഒത്തുതീർപ്പാക്കാൻ പറ്റുമോ എന്നായിരുന്നു. മുഖ്യമന്ത്രി ആന്റണിക്ക് ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ഉണ്ടായിരുന്നില്ല.

പത്രപ്രവർത്തകനെ സംബന്ധിച്ച് ഈ മധ്യസ്ഥത്തിനു പോകേണ്ട കാര്യമില്ല. തീ കത്തുമ്പോഴും ആളെ കൊല്ലുമ്പോഴും അത് റിപ്പോർട്ട് ചെയ്യുക എന്ന പണിയേ ഞങ്ങൾക്കുള്ളൂ. പക്ഷേ, ഒരു സവിശേഷ സാഹചര്യത്തിൽ കോഴിക്കോടിന്റെ സമാധാനം തകരുന്നു എന്നു തോന്നിയ വേളയിൽ സമാധാനം ഉണ്ടാക്കാൻ ഒരു ശ്രമമായിരുന്നു അത്.

ജനാധിപത്യത്തിന്റെ ഭാവി....

ഇന്ത്യയിലെന്നല്ല ലോകത്തു തന്നെ ജനാധിപത്യത്തിന്റെ ഭാവി എന്തായിരിക്കുമെന്ന ചോദ്യത്തിന് ഉറപ്പായി ഒരു മറുപടി നൽകാൻ ആർക്കും കഴിയുമെന്നു തോന്നുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജനാധിപത്യഭരണം നിലവിലുള്ള രാജ്യങ്ങളുടെ എണ്ണം തീരെ കുറവായിരുന്നു. നൂറു വർഷം കൊണ്ട് ലോകമെമ്പാടും ജനാധിപത്യം പടർന്നു ബഹുഭൂരിപക്ഷം രാജ്യങ്ങളും ജനാധിപത്യ വ്യവസ്ഥകൾക്ക് കീഴിൽ വന്നു. ഏറിയും കുറഞ്ഞും അവയിലെല്ലാം മനുഷ്യസ്വാതന്ത്ര്യവും സാർവത്രിക വോട്ടവകാശവും നിലവിൽ വന്നു. ഇനിയങ്ങോട്ട് ജനാധിപത്യം കൂടുതൽ കൂടുതൽ വേരുറക്കുമെന്നും കൂടുതൽ അർത്ഥപൂർണ്ണവും കാര്യക്ഷമവും ആകും എന്ന സ്വപ്നമായിരുന്നു എല്ലാവർക്കും ഉണ്ടായിരുന്നത്. ഇന്ന് ആ പ്രതീക്ഷ എല്ലാവരും പങ്കുവെക്കുന്നു എന്നു പറയാനാവില്ല. ജനാധിപത്യം പടരുന്നുണ്ടെങ്കിലും മനുഷ്യസ്വാതന്ത്ര്യം പരിമിതപ്പെടുന്നതും ജനാധിപത്യ വ്യവസ്ഥക്കകത്ത് അമിതാധികാര ഭരണകൂടങ്ങള് നിലവിൽ വരുന്നതും ആണ് വ്യാപകമായി കണ്ടു വരുന്നത്.

ഭാവിയിൽ ആഗോളീകരണം മുന്നേറുന്ന ദിശകള് ഏതെല്ലാമായിരിക്കും എന്ന് നമുക്ക് ഇന്നു പ്രവചിക്കാൻ കഴിയുന്നില്ല. മനുഷ്യരെല്ലാം തുല്യരാണെന്നുള്ള അടിസ്ഥാന തത്ത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. സമത്വം എന്നത് ഒരു സ്വപ്നമായിപ്പോലും ആരും കൊണ്ടു നടക്കുന്നില്ല. പണവും സമ്പത്തും പണ്ടേ പ്രാധാന്യമുള്ളതായിരുന്നു. പക്ഷേ ഇന്ന്

അതിനേ പ്രാധാന്യമുള്ളു എന്ന നിലവരികയാണ്. എല്ലാവർക്കും വോട്ട് എന്ന ആശയം പോലും ചോദ്യം ചെയ്യപ്പെടുകയും അട്ടിമറിക്കപ്പെടുകയും ചെയ്താൽ പോലും അത്ഭുതപ്പെടേണ്ടതില്ല എന്ന് തോന്നിപ്പോകുന്നു. ഇനി എല്ലാവരും തുല്യാവകാശത്തോടെ തുടർന്നും വോട്ടു ചെയ്യുന്നു എന്നു വന്നാൽ പോലും ജനകീയഭരണകൂടങ്ങളിൽ നിന്ന് അധികാരം സാമ്പത്തികാധികാര ശക്തികളിലേക്കു മാറിക്കൊണ്ടിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ ത്തന്നെ നയരൂപവൽക്കരണരംഗത്ത് കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വൻകിടക്കാരുടെ പ്രാതിനിധ്യം ജനപ്രതിനിധി സഭകളിൽ ഓരോ തിരഞ്ഞെടുപ്പ് കഴിയുമ്പോഴും കൂടിക്കൊണ്ടിരിക്കുകയാണ്.

ഇതിനും പുറമെ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ അധികാരം കേന്ദ്രഭരണകൂടത്തിൽ കേന്ദ്രീകരിക്കുന്ന പ്രവണതയും കൂടിവരികയാണ്. ഫെഡറലിസം എന്നു പറയുമെങ്കിലും സംസ്ഥാനങ്ങൾക്കും ഉപദേശീയതകൾക്കും ഉള്ള അധി

ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ആദ്യ മാധ്യമ പുരസ്കാരം ഏറ്റുവാങ്ങിയശേഷം ന്യൂയോർക്കിലെ മലയാളികളുടെ കൂടെ

ഗൗരി ലങ്കേഷ്

മീഡിയ അക്കാദമിയുടെ പ്രവർത്തനം

മീഡിയ അക്കാദമി എന്നത് 1979 ൽ രൂപീകരിച്ച ഒരു സ്ഥാപനമാണ്. അതിനൊരുപാട് ലക്ഷ്യങ്ങളുണ്ടായിരുന്നു. അന്ന് പക്ഷേ, ആദ്യത്തെ കുറച്ചു കാലത്തിനുശേഷം അത് തീർത്തും അവഗണിക്കപ്പെട്ട ഒന്നായി മാറി. അതിന്റെ ചുമതലയിൽ വന്ന ആളുകൾക്കുപോലും ഇത് എന്തിനു വേണ്ടിയുള്ള സ്ഥാപനമാണ് എന്ന ബോധ്യമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ ചെല്ലുമ്പോൾ അവിടെ ശമ്പളം കൊടുക്കാൻ ഗവൺമെന്റിൽ നിന്നും അലോട്ട്മെന്റില്ല. സ്വന്തമായി കാര്യങ്ങൾ നടത്താൻ അഞ്ചു പൈസയില്ല. ഒരു ആക്റ്റിവിറ്റിയും അവിടെ നടക്കുന്നില്ല. പത്തുപതിനഞ്ച് ജീവനക്കാരവിടെയുണ്ട്. പക്ഷേ, അവർക്ക് ശമ്പളം കൊടുക്കാൻ പൈസയില്ല. അവർ എന്തിനു വേണ്ടിയിട്ടാണ് അവിടെ ഇരിക്കുന്നത് എന്ന് അവർക്കുപോലും അറിയാത്ത അവസ്ഥ. ആകെ അവിടെ നടന്നുകൊണ്ടിരുന്നത് ജേണലിസം കോഴ്സാണ്. അമ്പതു കുട്ടികളെ പഠിപ്പിക്കാൻ പതിനഞ്ചു നോൺ ടീച്ചിങ്ങ് സ്റ്റാഫൊന്നും വേണ്ടല്ലോ.

ആ സ്ഥാപനത്തിൽ ഞാൻ ചെയർമാനായതിനൊപ്പം വന്ന പുതിയ ജനറൽ കൗൺസിലിന്റെ ശ്രമഫലമായി ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കി. ആദ്യം ശമ്പളം കൊടുക്കാനുള്ള തുക ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാക്കി. പല തരത്തിലുള്ള ശ്രമങ്ങൾ വേണ്ടി വന്നു അതിന്. അത് തുടർന്നും കിട്ടുന്നു എന്ന അവസ്ഥയുണ്ടാക്കി. അവിടെ എന്തിനുവേണ്ടിയാണ് അങ്ങനെ ഒരു അക്കാദമി സ്ഥാപിച്ചത് എന്നതിന്റെ ലക്ഷ്യങ്ങൾ കുറച്ചൊക്കെ ആവിഷ്ക്കരിക്കാൻ ശ്രമിച്ചു. ജേണലിസ്റ്റുകൾക്ക് ഇൻ സർവീസ് ട്രെയിനിങ്ങ് കൊടുക്കുകയും ജേണലിസ്റ്റുകളെ പഠിപ്പിക്കുകയും ജേണലിസവുമായി ബന്ധപ്പെട്ട മാഗസിൻ പ്രസിദ്ധപ്പെടുത്തുകയും ഒക്കെ അതിന്റെ അജണ്ടയായിരുന്നു. ആ അജണ്ടകൾ നടപ്പിലാക്കാൻ ഒരുപാട് കടമ്പകൾ കടക്കേണ്ടിവന്നു. പക്ഷേ, അതൊക്കെ കുറച്ചെങ്കിലും ഭംഗിയായി ചെയ്യാൻ സാധിച്ചു..

ഞങ്ങൾ മീഡിയ എന്ന പേരിൽ ഒരു ബൈലിംഗ്വൽ മാഗസിൻ ആരംഭിച്ചു. അത് ഇപ്പൊ മൂന്നുവർഷമായി വളരെ ഗംഭീരമായി നടന്നു പോരുന്നുണ്ട്. നാഷണൽ ലെവലിൽ തന്നെ ഒരുപാട് പേർ കാണുകയും വായിക്കുകയും ചെയ്യുന്ന ഒരു മാസികയായി അത് മാറിയിട്ടുണ്ട്. ഞാൻ വരുന്നതുവരെയുള്ള മുപ്പത്തിമൂന്ന് വർഷത്തിനകത്ത് പതിമൂന്ന് പുസ്തകങ്ങളാണ് ആകെ മീഡിയ അക്കാദമി പ്രസിദ്ധീകരിച്ചത്. ഞങ്ങൾ ഈ മൂന്നുകൊല്ലം കൊണ്ട് ഇരുപതിലേറെ പുസ്തകങ്ങൾ പുറത്തിറക്കി. ജേണലിസ്റ്റുകൾക്കായി വർക്ഷോപ്പുകൾ നടത്തി. ശരിക്ക് പറഞ്ഞാൽ എന്ത് ഉദ്ദേശ്യത്തിലാണോ ആ സ്ഥാപനം സ്ഥാപിച്ചത് ആ ഉദ്ദേശ്യത്തിലേക്ക് കുറെയൊക്കെ എത്തിക്കാൻ പറ്റി.

കാരവും പ്രസക്തിയും കുറച്ചുകൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. രാജ്യസ്നേഹത്തിന്റെയും ദേശീയതയുടെയും പേരിലുള്ള അധികാരകേന്ദ്രീകരണവും വർഗീയവും മതപരവുമായ വിദ്വേഷരാഷ്ട്രീയവും ശക്തിപ്പെടുത്തുകയാണ്. ജനങ്ങൾ വർഗീയമായി വിഭജിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ജനാധിപത്യത്തിന് അർത്ഥമുണ്ടാവില്ല. രാഷ്ട്രീയമോ ഭരണപരമോ ആയ ശരിതെറ്റുകളുടെ പേരിലല്ല പിന്നീട് വോട്ടവകാശം വിനിയോഗിക്കപ്പെടുക. മതത്തിന് വോട്ട് ചെയ്യുക എന്നതാവും ആ ജനാധിപത്യത്തിന്റെ രീതി. അതോടെ ജനാധിപത്യം തീർത്തും ഇല്ലാതാകും. ഭൂരിപക്ഷമുള്ള മതത്തിന്റെ പാർട്ടി അധികാരമേൽക്കുകയും ശരിതെറ്റുകൾ നോക്കാതെ ആ മതക്കാർ ഭരണപക്ഷത്തെ പിന്താങ്ങുകയും ചെയ്യുന്നതിനെ മതാധിപത്യം എന്നല്ലാതെ ജനാധിപത്യം എന്നി വിളിക്കാനാവില്ല തന്നെ. ഈ അവസ്ഥയിലേക്കുള്ള നീക്കം ലോകത്ത് പല രാജ്യങ്ങളിലും തുടങ്ങിക്കഴിഞ്ഞു. ഇന്ത്യയിൽ അതിന്റെ ലക്ഷണങ്ങൾ വളരെ പ്രകടവുമാണ്.

കേരള വികസനം...?

ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ ദൗർബല്യം, പ്രവാസിസാന്നിദ്ധ്യം തുടങ്ങിയ ഘടകങ്ങൾ കേരളത്തിന്റെ വികസന ലക്ഷ്യങ്ങൾ സങ്കീർണമാക്കുന്നുണ്ട്. നമുക്ക് വലിയ തോതിൽ ഭൂമിയേറ്റെടുത്ത് വൻ വ്യവസായങ്ങൾ സ്ഥാപിക്കുക പ്രയാസമാണ്. റോഡുവേണം, വ്യവസായം വേണം, മാലന്യസംസ്കരണഘടകം വേണം എന്നെല്ലാം എല്ലാവരും പറയുമെങ്കിലും ആർക്കും അതിന്റെ പേരിൽ ഒന്നും ത്യജിക്കാനാവില്ല. ഇംഗ്ലീഷുകാർ പറയുന്ന ഒരു ശൈലിയുണ്ട് നോട്ട് ഇൻ മൈ ബാക്യാർഡ് എന്നതാണ് അത്. എല്ലാം വേണം എന്റെ വീട്ടുപരിസരത്തൊന്നും വേണ്ട. ഇതു കാരണം നമ്മുടെ അടിസ്ഥാനസൗകര്യ വികസനം പോലും പ്രയാസത്തിലാണ്. നല്ല റോഡുകൾ ഇല്ലാത്ത കേരളത്തിന് ഭാവിയില്ല എന്നത് ഒരു സത്യമാണ്. ഓരോ വർഷം കഴിയുന്തോറും അതിനുള്ള സാധ്യതകൾ വിദൂരമാ

യിക്കൊണ്ടിരിക്കയാണ്. റോഡ് നിർമ്മാണത്തിന് കുറഞ്ഞ പ്രാധാന്യവും പുതിയ വിമാനത്താവള നിർമ്മാണത്തിന് വലിയ പ്രാധാന്യവും നൽകുന്ന തലതിരിഞ്ഞ വികസന നയം സംസ്ഥാനത്തിന് ഗുണം ചെയ്യുമെന്നും തോന്നുന്നില്ല.

ലോകത്തിലെ വൻകിട രാജ്യങ്ങളിലെല്ലാം വൻകിട വ്യവസായങ്ങളാണ് കൂടുതൽ എന്നൊരു തെറ്റിദ്ധാരണ നമുക്കുണ്ട്. സത്യമതല്ല അമേരിക്ക ഉൾപ്പെടെ വൻശക്തി രാജ്യങ്ങളിലെല്ലാം ചെറിയ സംരംഭങ്ങളിലാണ് ഭൂരിപക്ഷംപേരും തൊഴിലെടുക്കുന്നത് എന്ന സ്ഥിതിവിവരക്കണക്കുകൾ കണ്ടിട്ടുണ്ട്. കേരളം ഈ യാഥാർത്ഥ്യം അവഗണിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ എല്ലാം നാളെ അസ്തമിക്കും. എന്നുറപ്പുള്ള സൺസെറ്റ് ഇൻഡ്രസ്റ്റീസ് ആയി കണക്കാക്കുയും അതേ സമയം വൻകിട വ്യവസായങ്ങൾ ഒന്നും വരാതിരിക്കുകയും ചെയുന്ന അപകടമായ അവസ്ഥയാണ് നിലനിൽക്കുന്നത്. രാഷ്ട്രീയ മത്സരം മൂലം നാട്ടിൽ സമരങ്ങൾ പെരുകുകയാണ്. എവിടെയാണ് ചെന്നിടപെടേണ്ടത് എന്ന് അന്വേഷിക്കുകയാണ് ഓരോ സംഘടനയും പാർട്ടിയും തീർച്ചയായും യഥാർത്ഥ പ്രശ്നങ്ങളിൽ സംഘടനകൾ ഇടപെടേണ്ടതുണ്ട്. പക്ഷേ ജനങ്ങൾക്ക് പ്രശ്നമില്ലെങ്കിലും ജനങ്ങളുടെ പേരുപറഞ്ഞ് വികസന പദ്ധതികൾ തടസ്സപ്പെടുന്നതും അപൂർവമല്ലെന്നു വരുന്നു.

രാജേന്ദ്രനുമായുള്ള അഭിമുഖം മതിയാക്കി എഴുന്നേറ്റപ്പോൾ അഭിമാനം തോന്നി. ഒരുപത്രപ്രവർത്തകൻ എന്ന നിലയിൽ വലിയ വിജയമായി അദ്ദേഹം മാറിയിരിക്കുന്നു. നാടിന്റെയും നാടിനെ നയിക്കുന്നവരുടേയും പ്രശ്നങ്ങളേയും ചെയ്തികളേയും അതിസൂക്ഷ്മമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും പ്രതികരിക്കുകയും ചെയ്തുകൊണ്ട് ഒരു മികച്ച പത്രപ്രവർത്തകന്റെ തൂലിക രാജേന്ദ്രനിൽ ജ്വലിച്ചുനിൽക്കുന്നു.

പ്രിയ സുഹൃത്തെ താങ്കൾ ഒരു മാതൃകയായിരിക്കുന്നു. ഒരു ഉത്തമ പത്രപ്രവർത്തകന്റെ വിജയഗാഥ...ഗൗരി ലങ്കേഷിന്റെ ദാരുണമരണം ഞങ്ങളെ ഭയപ്പെടുത്തുന്നുണ്ടെങ്കിലും അതൊക്കെ കണ്ടുകൊണ്ടുതന്നെ ധീരമായി മുന്നോട്ടു തൂലിക ചലിപ്പിക്കുന്നവരുടെ കൂടെ താങ്കളും നടക്കുന്നു... സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള മുന്നിൽ നിൽക്കുന്നു! മഹത്തായ ആ പാരമ്പര്യത്തിൽ താങ്കൾക്കും സ്ഥാനം ഉണ്ട്. ഭാവുകങ്ങൾ!

9847021482 | nprindran@gmail.com
www.nprajendran.com

സൗമ്യം... ദീപ്തം...!